# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2019–2020 ലെ വാർഷിക റിപ്പോർട്ട്

കേരള സഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചുപ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി 1990-ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 29 വർഷങ്ങൾ പിന്നിടുന്നു. കേരളസഭയിൽ സഭാമക്കളുടെ പങ്കാളിത്തത്തോടെ വിശുദ്ധഗ്രന്ഥശുശ്രൂഷയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ നടത്തിയ ബൈബിൾ സൊസൈറ്റിയുടെ 29-ാമത് വാർഷിക റിപ്പോർട്ട് ഞാനിവിടെ അവതരിപ്പിക്കട്ടെ. 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

2019-2020 പ്രവർത്തനവർഷത്തിൽ വാർഷിക പൊതുയോഗവും (06 ജൂലൈ 2019) നാല് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (22 മെയ് 2019; 27 ജൂൺ 2019; 12 സെപ്റ്റംബർ 2019; 26 ഒക്ടോബർ 2019) രണ്ട് മാനേജിംഗ് കൗൺസിൽ യോഗങ്ങളും (27 ജൂൺ 2019; 12 സെപ്റ്റംബർ 2019) ചേർന്നു.

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റി
## എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം 22.5.2019

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം 2019 മെയ് 22ന് ഉച്ചകഴിഞ്ഞ് 1.30ന് പാലായിൽ സൊസൈറ്റിയുടെ ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കലിന്റെ ഭവനത്തിൽ വച്ച് കൂടുകയുണ്ടായി. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ, സി. ആഗ്നസ് ജോർജ് നയിച്ച പ്രാർഥനയോടെ യോഗം ആരംഭിച്ചു. സൊസൈറ്റിയുടെ സെക്രട്ടറി ഡോ. ജോൺസൺ പുതുശേരി യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു.

വി. അൽഫോൺസാമ്മയുടെ കബറിടത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരുമിച്ചുകൂടി, ബൈബിൾ സൊസൈറ്റിയെയും സൊസൈറ്റിയുടെ പ്രവർത്തനങ്ങളെയും സമർപ്പിച്ചുകൊണ്ടാണ് ഇന്നത്തെ മീറ്റിംഗ് ആരംഭിക്കുന്നതെന്ന് അച്ചൻ സ്വാഗതമായി പറഞ്ഞു. റോമിൽവച്ചു നടന്ന അന്തർദേശീയ ബിബ്ലിക്കൽ ഫെഡറേഷൻ മീറ്റിംഗിലെ അനുഭവങ്ങളും മറ്റു രാജ്യങ്ങളിൽ ദൈവവചനത്തിന് കൊടുക്കുന്ന പ്രാധാന്യവും അവരുടെ വിവിധങ്ങളായ പ്രവർത്തനങ്ങളും അച്ചൻ പങ്കുവച്ചു. അനേകായിരങ്ങളെ വചനത്തിലേക്ക് അടുപ്പിക്കുന്നതാണ് നാം നടത്തിക്കൊണ്ടിരിക്കുന്ന ലോഗോസ് മത്സരം. വചനത്തിനുവേണ്ടി ഇറങ്ങിപ്പുറപ്പെടുന്ന ഏവരും വചനത്തിൽ വളരുന്നതും അവരുടെ കുടുംബങ്ങളിൽ ധാരാളം ദൈവാനുഗ്രഹമുണ്ടാകുന്നതും നാം കാണുന്നു. ബൈബിൾ സൊസൈറ്റിയിലൂടെ വചനമേഖലയിൽ പ്രവർത്തിക്കുന്ന ഏവരേയും അച്ചൻ നന്ദിയോടെ അനുസ്മരിച്ചു.

പ്രശസ്ത ബൈബിൾ പണ്ഡിതനും പി.ഒ.സി. ബൈബിളിന്റെ വിവർത്തനത്തിൽ വലിയ പങ്ക് വഹിക്കുകയും ചെയ്തിരുന്ന ബഹു. ജോസഫ് തൊണ്ടിപ്പറമ്പിലച്ചൻ വിശുദ്ധനാട് സന്ദർശനത്തിനിടെ ഹൃദയാഘാതം മൂലം മരണമടഞ്ഞവിവരം ഓർമിക്കുകയും അച്ചന്റെ ആത്മാവിന് നിത്യശാന്തി നേർന്ന് യോഗം പ്രത്യേകം പ്രാർഥിക്കുകയും ചെയ്തു.

ശ്രീ. ആന്റണി പാലിമറ്റം തന്റെ അധ്യക്ഷപ്രസംഗത്തിൽ ഈ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലയളവിൽ സൊസൈറ്റിക്കുണ്ടായ അഭിവൃദ്ധിയെക്കുറിച്ചും ലോഗോസ് ക്വിസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പ്രത്യേകിച്ച് പ്രളയത്തോടനുബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും ചുരുക്കമായി അവതരിപ്പിച്ചു.

സൊസൈറ്റി ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ 2019 ഫെബ്രുവരി 21 ന് നടന്ന മീറ്റിംഗിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസാക്കി. പിന്നീട് നടന്ന ചർച്ചകളിൽ അംഗങ്ങൾ

എല്ലാവരും സജീവമായി പങ്കെടുത്തു.

2019ലെ ലോഗോസ് ക്വിസിന് സംസ്ഥാനതല ഫാമിലി ക്വിസ് ഈ വർഷം ഉണ്ടായിരിക്കുകയില്ലെന്ന് ഡയറക്ടേഴ്സ് മീറ്റിംഗിൽ തീരുമാനിച്ചകാര്യം സെക്രട്ടറിയച്ചൻ അറിയിച്ചു. ഫാമിലി ക്വിസ് രൂപതാതലത്തിൽ വ്യത്യസ്തമായി രൂപതാസാഹചര്യങ്ങൾ അനുസരിച്ച് നടത്തുവാൻ മുൻകൈ എടുക്കേണ്ടതാണ്.

ബൈബിൾ കലോത്സവത്തിൽ നാടകത്തിനും തെരുവുനാടകത്തിനും 1,2,3 സ്ഥാനങ്ങൾ പ്രഖ്യാപിക്കാതെ ഗ്രേഡ് മാത്രം നൽകിയാൽ മതിയെന്നും വലിയ ചെലവുവരുന്ന സംഘനൃത്തം വേണ്ടായെന്നുമുള്ള ബൈബിൾ ഡയറക്ടേഴ്സ് മീറ്റിംഗിന്റെ തീരുമാനവും അച്ചൻ അറിയിച്ചു.

ബൈബിൾ കോഴ്സുകൾ കൂടുതലായി രൂപതാതലത്തിൽ നടത്തുന്നുണ്ടെന്നും അതിനുസാമ്പത്തിക സഹായം ആവശ്യമുള്ളവരെ പരിഗണിക്കാമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

മെമ്പർഷിപ്പ് കാമ്പയിനെക്കുറിച്ച് ചർച്ച വന്നു. അപ്രതീക്ഷിതമായി വന്ന പ്രളയംമൂലം ചില പള്ളികളിൽ നടത്താമെന്നു പറഞ്ഞ കാമ്പെയിൻ നിറുത്തിവയ്ക്കേണ്ടിവന്നു. ഇത് പുനരാരംഭിക്കണമെന്ന് അഭിപ്രായമുണ്ടായി. ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടേഴ്സിന് ഓറിയന്റേഷൻ പ്രോഗ്രാം നടത്തുന്നതിനെപ്പറ്റിയും യോഗം ചർച്ച ചെയ്തു.

നിരവധി ആളുകൾ ഇപ്പോഴും പെന്തക്കോസ്തവിഭാഗങ്ങളിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നതിനെപ്പറ്റിയും അതിനു പരിഹാരമായി നാം ജാഗ്രതയോടെ ആയിരിക്കണമെന്നും യോഗത്തിൽ പരാമർശമുണ്ടായി. ശ്രീ. സച്ചിൻ ആന്റണി യൂട്യൂബ് പ്രോഗ്രാമുകൾ വഴി ബോധവല്കരണ പരിപാടികൾ തയ്യാറാക്കുന്നുണ്ടെന്നും ഇതിന് സഹായം നല്കാമോ എന്നും ആരാഞ്ഞു. മാനേജിംഗ് കൗൺസിൽ മീറ്റിംഗിൽ ഇതു ചർച്ചചെയ്യേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടു.

അഭിവന്ദ്യ യൂലിയോസ് പിതാവ് രൂപതയിൽനിന്നു സ്ഥാനമൊഴിയുന്നതുകൊണ്ട് ജൂലൈ 6ന് പൊതുയോഗം നടത്തുന്നകാര്യം അച്ചൻ അറിയിച്ചു.

ശ്രീ. ജോസഫ് പന്തപ്ലാക്കൽ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. ശ്രീ. ജിസ്മോന്റെ ഭവനത്തിൽ ഉച്ചഭക്ഷണവും ശ്രീമതി മോളികാച്ചപ്പിള്ളിയുടെ റിട്ടയർമെന്റിനോടനുബന്ധിച്ച് വൈകിട്ട് എല്ലാവർക്കും കാപ്പിസത്കാരവും ഉണ്ടായിരുന്നു.

## കേരളകാത്തലിക് ബൈബിൾ സൊസൈറ്റി
## എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 27–6–2019

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2019 ജൂൺ മാസം 27–ാം തീയതി രാവിലെ 11 മണിക്ക് സൊസൈറ്റിയുടെ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ നയിച്ച പ്രാർഥനയോടെ യോഗ നടപടികൾ ആരംഭിച്ചു.

2019 ജൂലൈ 6ന് നടക്കവാൻ പോകുന്ന പൊതുയോഗത്തിന് മുന്നോടിയായാണ് ഈ മീറ്റിംഗ് ചേർന്നിരിക്കുന്നതെന്നും പ്രധാനമായും ഓഡിറ്റ് ചെയ്ത കണക്കുകൾ അവതരിപ്പിക്കുന്നതിനാണെന്ന് സെക്രട്ടറിയച്ചൻ തന്റെ സ്വാഗതപ്രസംഗത്തിൽ പറയുകയുണ്ടായി. ഈ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ അവസാനത്തെ യോഗമാണിതെന്നും, കഴിഞ്ഞുപോയ മൂന്നുവർഷം നന്ദിയോട തിരിഞ്ഞുനോക്കേണ്ട കാലഘട്ടമാണെന്നും ഇനിയും നല്ലകാര്യങ്ങൾ ചെയ്യുവാൻ നമുക്കു സാധിക്കുമെന്നും അച്ചൻ സൂചിപ്പിച്ചു. എക്സിക്യൂട്ടിവ് അംഗങ്ങൾ നല്കിയ ആത്മാർഥമായ സഹകരണത്തിന് അച്ചൻ നന്ദി പറയകയും ചെയ്തു. ടേം പൂർത്തിയാക്കുന്ന വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെയും ജോസഫ് പന്തപ്ലാക്കലിന്റെയും നിസ്വാർഥമായ സേവനത്തിനും നന്ദി പറഞ്ഞുകൊണ്ടാണ് സെക്രട്ടറിയച്ചൻ സ്വാഗതം ആശംസിച്ചത്. ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ 2019 ഫെബ്രുവരി 21ന് നടന്ന എക്സിക്യൂട്ടിവ് കമ്മിറ്റി യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസാക്കി. സി. ആഗ്നസ് ജോർജ് 2018–19 വർഷത്തെ ഓഡിറ്റ് ചെയ്ത കണക്ക് അവതരിപ്പിച്ചു. കണക്കിനെക്കുറിച്ചുള്ള വിശദീകരണങ്ങൾ സെക്രട്ടറിയച്ചൻ നല്കി. യോഗം കണക്ക് പാസാക്കി. തുടർന്ന് സെക്രട്ടറിയച്ചൻ 2019–20 വർഷത്തേക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കുകയും യോഗം അത് പാസാക്കുകയും ചെയ്തു. അതിനുശേഷം അജണ്ട പ്രകാരമുള്ള ഹ്രസ്വമായ ചർച്ചകൾ നടന്നു.

1. *ബ്രെയ്‌ലി ബൈബിൾ:* കൂടുതൽ പുസ്തകങ്ങൾ കൊടുക്കുവാൻ ഉദ്ദേശിക്കുന്നു.
*ഇന്റർലീനിയർ ബൈബിൾ:* 2020 ജൂണിൽ ഇതു പൂർത്തിയാക്കും.
2. *പുതിയ പുസ്തകങ്ങൾ*
*പഠന ബൈബിൾ:* രണ്ടാം ഭാഗത്തിന്റെ രചന പൂർത്തിയാകുന്നു.
*പഴയനിയമ പരിഷ്ക്കരണം:* 2019 ഡിസംബറോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
*കുട്ടികൾക്കായി ബൈബിൾ വീഡിയോ:* മീഡിയാ കമ്മീഷനുമായി സഹകരിച്ച് കുട്ടികൾക്കായുള്ള ബൈബിൾ കഥകൾ ആനുകാലികമായി ചിത്രീകരിച്ച് ഓരോ മാസവും അവതരിപ്പിക്കുന്നു.
*ബൈബിൾ ലീഡർഷിപ്പ് പ്രോഗ്രാം*: വിവിധ ഗ്രൂപ്പുകൾക്കായി ബൈബിൾ പരിശീലന പരിപാടി മീഡിയ കമ്മീഷനുമായി സഹകരിച്ച് നടപ്പാക്കുവാൻ ആഗ്രഹിക്കുന്നു.
3. *രണ്ടു ദിവസത്തെ കോഴ്സ്:* രണ്ടു ദിവസത്തെ ബൈബിൾ കോഴ്സ് .
*വൈദികർക്കായി ബൈബിൾ പ്രോഗ്രാം*
*രൂപതകളിൽ ബൈബിൾ കോഴ്സ്:* അർഹതയുള്ള രൂപതകളിൽ ബൈബിൾ കോഴ്സ് നടത്തുന്നതിന് സാമ്പത്തിക സഹായം .
4. *ലോഗോസ് ക്വിസ്:* ഭിന്നശേഷിക്കാർക്കായി ലോഗോസ് ക്വിസ്.
*ലോഗോസ് ക്വിസ് 2020ലെ പാഠഭാഗങ്ങൾ:* നിയമാവർത്തനം 22–34; പ്രഭാഷകൻ 18–22; മർക്കോസ് 1–8; കോറിന്തോസ് 1–8
5. *ബൈബിൾ അമ്പാസഡർ:* സൗജന്യ ബൈബിൾ പ്രോജക്ടിനായി ഈ തുക ഉപയോഗിക്കുന്നു.
*കലണ്ടർ പരസ്യം:* ഈ തുക സൗജന്യബൈബിൾ പ്രോജക്ടിന്.
6. സൊസൈറ്റിയിലെ ഓരോ അംഗവും ഒരാളെക്കൂടി മെമ്പർഷിപ് എടുപ്പിക്കുക.
7. *ബൈബിൾ സൊസൈറ്റി അംഗങ്ങൾ:* ഇടവകയിൽ എന്തെങ്കിലും ഒരു ബൈബിൾ പരിപാടിക്ക് ബൈബിൾ സൊസൈറ്റിയംഗങ്ങൾ നേതൃത്വം കൊടുക്കണം.
8. 'യൂടൂബിൽ' ബൈബിൾ ക്ലാസ്: ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ പാഠഭാഗങ്ങൾ
9. ഓഡിയോ ബൈബിൾ: സങ്കീർത്തനം ഓഡിയോ ബൈബിളിൽ സൗജന്യമായി ലോഡ് ചെയ്യാം. അതുപോലെ ബൈബിളിലെ മറ്റു ഭാഗങ്ങൾ സൗജന്യമായി ഡൗൺലോഡ് ചെയ്യുവാൻ പ്രോജക്റ്റ്.
ബൈബിൾ ഓഡിയോ പ്ലെയർ: 'മെഗാവോയ്സു'മായി ചേർന്ന് ബൈബിൾ ഓഡിയോ പ്ലെയർ ഇറക്കുന്നു.
10. *ഡിസംബർ ബൈബിൾ പാരായണമാസം:* കഴിഞ്ഞ വർഷങ്ങളിലേതുപോലെ, ബൈബിൾ പാരായണമാസം ഈ വർഷവും നാലു രൂപതകളിൽ ആഘോഷപൂർവം നടത്തുവാൻ പദ്ധതിയുണ്ട്.
11. *ബൈബിൾ കലോത്സവം:* 2019 ഡിസംബർ 28,29 തീയതികളിൽ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

പൊതുയോഗത്തിൽ പങ്കെടുക്കുന്നവർക്ക് സൊസൈറ്റിയുടെ പ്രസിദ്ധീകരണങ്ങളായ സി. തെരേസ നടുപ്പടവിൽ എസ്.എ.ബി.എസ് എഴുതിയ പഴയനിയമത്തിലെ ചരിത്രവഴികൾ, പുറപ്പാട് കഥകൾ, ബൈബിൾ നാടകങ്ങൾ എന്നിവ സമ്മാനം കൊടുക്കാമെന്ന് തീരുമാനിച്ചു. 2016–2019 വർഷത്തെ മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്ക് മെമന്റോ നൽകുന്ന കാര്യവും തീരുമാനിച്ചു.

ശ്രീ. ജോസഫ് പന്തപ്ലാക്കൽ വൈസ്ചെയർമാനും സെക്രട്ടറിയച്ചനും മീറ്റിംഗിൽ പങ്കെടുത്ത മറ്റെല്ലാവർക്കും നന്ദിയർപ്പിച്ചു. 12.30ന് പ്രാർഥനയോടെ യോഗം അവസാനിച്ചു. ഉച്ചഭക്ഷണത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റി
## മാനേജിംഗ് കൗൺസിൽ യോഗം 27.6.2019

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 27.6.2019 ഉച്ചകഴിഞ്ഞ് 1.30ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ 29 അംഗങ്ങൾ പങ്കെടുത്തു.

ശ്രീമതി അന്നമ്മ ജോസഫിന്റെ പ്രാർഥനയോടെ യോഗം ആരംഭിച്ചു. സെക്രട്ടറിയച്ചൻ യോഗത്തിലേക്ക് പി.ഒ.സി ഡയറക്ടറച്ചനും പുതിയ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർക്കും മറ്റെല്ലാവർക്കും

സ്വാഗതം ആശംസിച്ചു. തുടർച്ചയായി മൂന്നു ടേം പൂർത്തിയാക്കുന്ന ശ്രീ. ആന്റണി പാലിമറ്റത്തെയും ശ്രീ. ജോസഫ് പന്തപ്ലാക്കനെയും നന്ദിയോടെ അനുസ്മരിച്ചു. ജൂലൈ 6-ാം തീയതി നടക്കുന്ന ജനറൽബോഡി യോഗത്തിൽ അവതരിപ്പിക്കേണ്ട കണക്കും അജണ്ടയും ചർച്ച ചെയ്യുകയാണ് ഈ യോഗത്തിന്റെ പ്രധാന ലക്ഷ്യമെന്ന് സെക്രട്ടറിയച്ചൻ തന്റെ സ്വാഗതപ്രസംഗത്തിൽ പറഞ്ഞു. തുടർന്ന് പുതിയ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ സ്വയം പരിചയപ്പെടുത്തി.

കേരളത്തിലെ പല രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരുടെ സജീവമായ സാന്നിധ്യവും സഹകരണവും കൂട്ടായപ്രവർത്തനവുമാണ് കഴിഞ്ഞ മൂന്നുവർഷം ബൈബിൾ സൊസൈറ്റിയെ മുന്നോട്ടു കൊണ്ടുപോയതെന്ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. ചെയർമാൻ പിതാക്കന്മാരോടും സെക്രട്ടറിയച്ചൻമാരോടും കൂടെയുള്ള നല്ല അനുഭവങ്ങൾ ശ്രീ. ആന്റണി പങ്കുവച്ചു. എല്ലാവരും ഒരേ താളത്തിൽ ഒന്നിച്ചു മീട്ടുന്ന സംഗീതമായി മാറാൻ സൊസൈറ്റിക്കു സാധിച്ചുവെന്നും ഓർമിപ്പിച്ചു.

കേരളസഭയിലെ വളരെ പ്രധാനപ്പെട്ട വചനശുശ്രൂഷയായ ബൈബിൾ സൊസൈറ്റിക്ക് വളരെയേറെ കാര്യങ്ങൾ ചെയ്യാൻ സാധിച്ചുവെന്ന് പി.ഒ.സി ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് അഭിപ്രായപ്പെട്ടു. പ്രളയകാലത്ത് ബൈബിൾ നഷ്ടപ്പെട്ടവർക്ക് ബൈബിൾ കൊടുത്തത് സൊസൈറ്റിയുടെ നല്ല പ്രവർത്തനങ്ങളിൽ ഒന്നാണ്. കേരളത്തിലെ 33 രൂപതകളെയും ഒന്നിച്ചുനിറുത്തി ബൈബിൾ മേഖലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ടീം അംഗങ്ങളെ നന്ദിയോടെ സ്മരിക്കുകയും എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു.

മുൻയോഗറിപ്പോർട്ട് ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ വായിച്ചു. യോഗമത് പാസാക്കി. തുടർന്ന് ഓഡിറ്റ് റിപ്പോർട്ട് റവ. സി. ആഗ്നസ് ജോർജ് സി.റ്റി.സി അവതരിപ്പിച്ചു. യോഗാംഗങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ബാങ്കിലുള്ള നിക്ഷേപത്തിന്റെ വിശദാംശങ്ങളുടെ കോപ്പി നല്കി. ടി.ഡി.എസ്സിനെക്കുറിച്ചുള്ള സംശയങ്ങൾക്ക് സെക്രട്ടറിയച്ചൻ വിശദീകരണം നല്കി. ഇൻകംടാക്സിൽനിന്ന് കഴിഞ്ഞവർഷം കിട്ടാനുള്ളതുക ഈ ജൂൺമാസം കിട്ടിയിട്ടുണ്ട് എന്നറിയിച്ചു. ഡി.എച്ച്.എഫ്.എൽ. ലെ സ്ഥിരനിക്ഷേപങ്ങൾ പിൻവലിക്കണമെന്ന് യോഗം തീരുമാനിച്ചു. അതിനുവേണ്ടതെല്ലാം ഉടൻ ചെയ്യാമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. കണക്ക് യോഗം പാസാക്കി. തുടർന്ന് അടുത്ത വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചു. യോഗം അതു പാസാക്കി. ജനറൽബോഡി മീറ്റിംഗിൽ അവതരിപ്പിക്കേണ്ട അജണ്ട ചർച്ച ചെയ്തു.

1. ബ്രെയ്‌ലി ബൈബിൾ: കൂടുതൽ പുസ്തകങ്ങൾ കൂടി പ്രിന്റു ചെയ്തു സൗജന്യമായി കൊടുക്കുവാൻ ഉദ്ദേശിക്കുന്ന കാര്യം സെക്രട്ടറിയച്ചൻ അറിയിച്ചു.

ഇന്റർലീനിയർ ബൈബിൾ: ആലുവ കാർമൽഗിരി റെക്ടറായ ഫാ. ചാക്കോയുടെ നേതൃത്വത്തിൽ ഇത് തയ്യാറായിക്കൊണ്ടിരിക്കുന്നു. 2020 ജൂണിൽ ഇതു പൂർത്തിയാക്കുമെന്നും ബൈബിൾ പഠനഗ്രൂപ്പുകൾക്ക് ഇതു പ്രയോജനപ്പെടുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

2. പുസ്തകങ്ങൾ: ഫാ. മാത്യു ഓലിക്കൽ, ഫാ. മാത്യു വാരിയമറ്റം, ഫാ. ജേക്കബ് പ്രസാദ്, ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ എന്നിവർ രചിക്കുന്ന ഗ്രന്ഥങ്ങൾ ഈ വർഷം പ്രസിദ്ധീകരിക്കുന്നതാണ്.

പഠന ബൈബിൾ: ലേഖനങ്ങൾ ഉൾക്കൊള്ളുന്ന പഠനബൈബിളിന്റെ രണ്ടാം ഭാഗത്തിന്റെ രചന പൂർത്തിയാകുന്നുവെന്നും അധികം താമസിയാതെ അതു പ്രസിദ്ധീകരിക്കുന്നതാണെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

പഴയനിയമ പരിഷ്ക്കരണം: ഫാ. ജോഷി മയ്യാറ്റിലിന്റെ നേതൃത്വത്തിൽ പഴയനിയമ പരിഷ്ക്കരണജോലി പുരോഗമിക്കുന്നു. 2019 ഡിസംബറോടുകൂടി പരിഭാഷ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ദൗത്യത്തിൽ സഹായിച്ചിരുന്ന റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിലച്ചന്റെ വിയോഗം വലിയ നഷ്ടമാണെന്നും സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു.

കുട്ടികൾക്കായി ബൈബിൾ വീഡിയോ: മീഡിയാ കമ്മീഷനുമായി സഹകരിച്ച് കുട്ടികൾക്കായുള്ള ബൈബിൾ കഥകൾ ആനുകാലികമായി ചിത്രീകരിച്ച് ഓരോ മാസവും അവതരിപ്പിക്കുന്നു. ഏറ്റവും കുറഞ്ഞത് 10 എപ്പിസോഡെങ്കിലും 2.5 ലക്ഷം രൂപയ്ക്ക് ചെയ്യാനുള്ള പദ്ധതിയാണിത്. യോഗം ഇതിന് അനുമതി നല്കി.

ബൈബിൾ ലീഡർഷിപ്പ് പ്രോഗ്രാം: വിവിധ ഗ്രൂപ്പുകൾക്കായി ബൈബിൾ പരിശീലന പരിപാടി മീഡിയ കമ്മീഷനുമായി സഹകരിച്ച് നടപ്പാക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. പരിശീലനം ലഭിച്ച ടീം രൂപതയിലോ ഇടവകയിലോ ക്ലാസുകൾ സംഘടിപ്പിക്കുന്നു. ഇതിന് ഗ്രൂപ്പിനെ ഒരുക്കാനും ആവശ്യമായ മെറ്റീരിയൽസിനുമായി ഏകദേശം മൂന്നു ലക്ഷം രൂപയാണ് ബഡ്ജറ്റിട്ടിരിക്കുന്നത്.

യോഗം ഈ പുതിയ പദ്ധതിയെ സ്വാഗതം ചെയ്തു.

3. രണ്ടു ദിവസത്തെ കോഴ്സ്: കഴിഞ്ഞവർഷം നടത്തിയതുപോലെ രണ്ടു ദിവസത്തെ ബൈബിൾ കോഴ്സ് രൂപതകളിലെ ആനിമേറ്റേഴ്സിന് നടത്തുന്നു.

വൈദികർക്കായി ബൈബിൾ പ്രോഗ്രാം: ആനുകാലിക ബൈബിൾ വിഷയങ്ങളെ ആസ്പദമാക്കി വൈദികർക്ക് ബൈബിൾ സൊസൈറ്റി സ്പോൺസർ ചെയ്യുന്ന പഠനശിബിരമാണ് ഉദ്ദേശിക്കുന്നത്.

രൂപതകളിൽ ബൈബിൾ കോഴ്സ്: അർഹതയുള്ള രൂപതകളിൽ ബൈബിൾ കോഴ്സ് നടത്തുന്നതിന് സാമ്പത്തിക സഹായം നല്കാനുള്ള നിർദേശം സെക്രട്ടറിയച്ചൻ യോഗത്തിനു മുന്നിൽ വച്ചു. ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കുകയാണു ലക്ഷ്യം. യോഗം അത് സ്വാഗതം ചെയ്തു.

4. ലോഗോസ് ക്വിസ്: ഭിന്നശേഷിക്കാർക്കായി ലോഗോസ് ക്വിസ് കഴിഞ്ഞ പ്രാവശ്യത്തെപ്പോലെ തന്നെ ഇപ്രാവശ്യവും നടത്തുന്നു.

സംസ്ഥാനതല മത്സരം: സംസ്ഥാനതല പരീക്ഷയ്ക്ക് വെബ്സൈറ്റിലുള്ള പഠന സഹായിയും ബൈബിൾ പൊതുവിജ്ഞാനവുമായിരിക്കും ഉണ്ടായിരിക്കുന്നത്.

ലോഗോസ് ക്വിസ് 2020ലെ പാഠഭാഗങ്ങൾ: നിയമാവർത്തനം 22-34; പ്രഭാഷകൻ 18-22; മർക്കോസ് 1-8; കോറിന്തോസ് 1-8 എന്നിവ അടുത്ത വർഷത്തെ ലോഗോസ് പഠനഭാഗമായി യോഗം അംഗീകരിച്ചു. ഏകദേശം 1000 വാക്യങ്ങളാണ് ഇതിലുള്ളത്.

5. ബൈബിൾ അമ്പാസഡർ: സൗജന്യ ബൈബിൾ പ്രോജക്ടിനായി ഈ തുക ഉപയോഗിക്കുന്നു. കഴിഞ്ഞവർഷം തേജസ് തോമസ് ഫിലിപ്പ് പുതിയ അമ്പാസഡർ ആയി. ജനറൽ ബോഡിയിൽ എല്ലാ അമ്പാസഡർമാരെയും പ്രത്യേകം ക്ഷണിക്കണമെന്ന നിർദേശം യോഗം വച്ചു.

കലണ്ടർ പരസ്യം: കലണ്ടറിൽ പരസ്യംപിടിക്കുന്നതിന് എല്ലാവരും ശ്രമിക്കണമെന്നും അതിൽനിന്നുള്ള തുക സൗജന്യബൈബിൾ പ്രോജക്ടിന് ഉപയോഗിക്കാൻ കഴിയുമെന്നും നിർദേശമുണ്ടായി.

രൂപതകളിൽ ബൈബിൾ അപ്പോസ്തലേറ്റ്: ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ വഴി മെമ്പർഷിപ്പ് എടുക്കുകയാണെങ്കിൽ സമ്മാനമായി 2 ബൈബിൾ സൗജന്യമായി നല്കുന്നതായിരിക്കുമെന്നും മെമ്പർഷിപ്പ് എടുപ്പിക്കാൻ കൂടുതൽ താല്പര്യം കാണിക്കണമെന്നും സെക്രട്ടറിയച്ചൻ നിർശേിച്ചു.

6. സൊസൈറ്റിയിലെ ഓരോ അംഗവും ഒരാളെക്കൂടി മെമ്പർഷിപ് എടുപ്പിക്കുന്നതുവഴി അംഗസംഖ്യ കൂട്ടാനുള്ള നിർദേശം യോഗത്തിലുണ്ടായി.

ഓർഡിനറി മെമ്പർഷിപ് അപ്ഗ്രേഡ് ചെയ്യുന്നതിനെക്കുറിച്ച് സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു.

7. ബൈബിൾ സൊസൈറ്റി അംഗങ്ങൾ: ഇടവകയിൽ എന്തെങ്കിലും ഒരു ബൈബിൾ പരിപാടിക്ക് ബൈബിൾ സൊസൈറ്റിയംഗങ്ങൾ നേതൃത്വം കൊടുക്കണം. ശ്രീ. മോഹനൻപിള്ള സ്വന്തമായി ബൈബിൾ വാങ്ങി അർഹരായവർക്ക് കൊടുക്കുന്ന കാര്യം പങ്കുവച്ചു. ശ്രീമതി അന്നമ്മ ജോസഫ് കുട്ടികൾക്കായി ബൈബിൾ പരിപാടികൾ സംഘടിപ്പിക്കുന്നത് വിവരിച്ചു.

8. 'യൂടൂബിൽ' ബൈബിൾ ക്ലാസ്: ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ പാഠഭാഗങ്ങൾ തയ്യാറാക്കി യൂടൂബിൽ അപ്ലോഡ് ചെയ്യാൻ ഉദ്ദേശിക്കുന്നു. വിദേശരാജ്യങ്ങളിൽ ബൈബിൾ പഠനം പ്രചരിപ്പിക്കാൻ ഇതു സഹായിക്കും.

9. ഓഡിയോ ബൈബിൾ: സങ്കീർത്തനം ഓഡിയോ ബൈബിളിൽ സൗജന്യമായി ലോഡ് ചെയ്യാം. അതുപോലെ ബൈബിളിലെ മറ്റു ഭാഗങ്ങൾ സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ സാമ്പത്തികമായി സഹായിക്കാമെന്ന് യു.കെയിൽനിന്ന് ഒരു വ്യക്തി അറിയിച്ച കാര്യം സെക്രട്ടറിയച്ചൻ പറഞ്ഞു. ആനുപാതിക സഹായം ലഭിക്കുകയാണെങ്കിൽ ഇത് സൗജന്യമായി ഡൗൺലോഡ് ചെയ്യുന്നതിന് അനുവദിക്കാമെന്ന് യോഗം അഭിപ്രായപ്പെട്ടു.

ബൈബിൾ ഓഡിയോ പ്ലെയർ: 'മെഗാവോയ്സു'മായി ചേർന്ന് ബൈബിൾ ഓഡിയോ പ്ലെയർ ഇറക്കുന്നു. ഇതിന്റെ റോയൽറ്റിയുടെ ആദ്യഗഡുവായ 20000 രൂപ പുറത്തിറക്കുമ്പോൾ തരുന്നതായിരിക്കുമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

10. ഡിസംബർ ബൈബിൾ പാരായണമാസം: കഴിഞ്ഞ വർഷങ്ങളിലേതുപോലെ, ബൈബിൾ പാരായണമാസം ഈ വർഷവും നാലു രൂപതകളിൽ ആഘോഷപൂർവം നടത്തുവാൻ പദ്ധതിയുണ്ട്.

11. ബൈബിൾ കലോത്സവം: 2019 ഡിസംബർ 28,29 തീയതികളിൽ റിന്യൂവൽ സെന്ററിൽ വച്ചാണ് നടത്തപ്പെടുന്നതെന്നും അതിലേക്ക് എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാവണമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

തുടർന്ന് ശ്രീ. ജോസഫ് പന്തപ്ലാക്കൽ ഓൺലൈൻ പുസ്തകവിതരണത്തെപ്പറ്റി പറഞ്ഞു. കൂടുതൽ

വിശദമായ വിവരങ്ങൾക്കുശേഷം പിന്നീട് ഇതു ചർച്ചചെയ്യാമെന്ന് തീരുമാനിച്ചു. ശ്രീ. സച്ചിൻ ആന്റണി കംപ്യൂട്ടർ വാങ്ങിക്കാനുള്ള സഹായം ചോദിച്ചത് ചർച്ചയ്ക്കു വച്ചു. സൊസൈറ്റിക്കു ബാധ്യതവരുന്നതായ തിനാൽ അതു ചർച്ചചെയ്യേണ്ടതില്ലെന്ന് യോഗം അഭിപ്രായപ്പെട്ടു.

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ഫീസ് കൂട്ടണമെന്ന് ശ്രീ. ബിനോയ് നിർദേശിച്ചു. ഫീസ് കൂട്ടുന്നത് കെ.സി.ബി.സി ആണെന്നും ലോഗോസ് നടത്താൻ അധികം ബാധ്യത വരുന്നതാണെങ്കിൽ മാത്രം അതിനെ ക്കുറിച്ച് ചിന്തിച്ചാൽ മതിയെന്നും പിതാക്കന്മാർ അഭിപ്രായപ്പെട്ട വിവരം സെക്രട്ടറിയച്ചൻ അറിയിച്ചു. വചന ശുശ്രൂഷയെ കച്ചവട മനോഭാവത്തോടെ കാണരുതെന്നും ഇപ്പോൾ ഈ തുക മതിയെന്നും യോഗം അഭിപ്രാ യപ്പെട്ടു.

ജനറൽബോഡിയിൽ എം. സിയായി ശ്രീമതി ജിഷാ നെല്ലിക്കനെ യോഗം തിരഞ്ഞെടുത്തു. ശ്രീ. ജോസഫ് പന്തപ്ലാക്കൽ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയർപ്പിച്ചു. യോഗം വൈകീട്ട് 4 മണിക്ക് സമാപിച്ചു. തുടർന്ന് ചായ സത്ക്കാരവും ഉണ്ടായിരുന്നു.

## കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 28–ാ മത് ജനറൽ ബോഡി യോഗം ജൂലൈ 6, 2019

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 28–ാമത് ജനറൽബോഡി യോഗം 2019 ജൂലൈ 6–ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് ചെയർമാൻ അഭിവന്ദ്യ ഡോ. അബ്രഹാം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിൽ കുമാരി ചൈതന്യയുടെ പ്രാർഥനാ ഗാനത്തോടെ ആരംഭിച്ചു. യോഗത്തിൽ 165 അംഗങ്ങൾ പങ്കെടുത്തു.

ചെയർമാൻ പിതാവ് ഡിസംബർ മാസത്തിൽ സ്ഥാനമൊഴിയുന്നതുകൊണ്ട് പിതാവിന്റെ കാലഘട്ട ത്തിലെ അവസാനത്തെ ജനറൽ ബോഡിയാണിതെന്ന് ആമുഖമായി പറഞ്ഞുകൊണ്ടും കഴിഞ്ഞ മൂന്നു വർഷക്കാലം കൊണ്ട് പിതാവിന്റെ നേതൃത്വത്തിൽ ബൈബിൾ സൊസൈറ്റിക്കുണ്ടായ അഭിവൃദ്ധിയെയും നേട്ടങ്ങളെയും ഓരോന്നായി അനുസ്മരിച്ചുകൊണ്ടുമാണ് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം യോഗത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്തത്. അഭിവന്ദ്യ യൂലിയോസ് പിതാവിനെയും പി.ഒ.സി. ഡയ റക്ടർ ഫാ. വർഗീസ് വള്ളിക്കാട്ടിലിനെയും വേദിയിലും സദസ്സിലുമുണ്ടായിരുന്ന എല്ലാവരെയും ശ്രീ. ആന്റണി പാലിമറ്റം സ്വാഗതം ചെയ്തു.

തുടർന്ന് ബൈബിൾ സൊസൈറ്റി അംഗങ്ങളിൽനിന്ന് മരണം മൂലം വേർപെട്ടുപോയവർക്കുള്ള അനുസ്മരണ പ്രാർഥനാശുശ്രൂഷക്ക് ചെയർമാൻ പിതാവ് നേതൃത്വം നൽകി. പ്രാർഥനയിൽ ബൈബിൾ പരിഷ്കരണ ടീമിലെ അംഗമായിരുന്ന ബഹു. ജോസഫ് തൊണ്ടിപ്പറമ്പിലച്ചനെ പ്രത്യേകം സ്മരിച്ചു.

ബൈബിൾ സൊസൈറ്റി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും, പ്രത്യേകിച്ച് ലോഗോസ് ക്വിസ് ആഗോള കത്തോലിക്കാ സഭയ്ക്കുതന്നെ മാതൃകയാണെന്നും യൂലിയോസ് പിതാവ് തന്റെ അധ്യക്ഷ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. സഭ എന്നു പറയുന്നത് നമ്മൾ തന്നെയാണ്. സഭയിലുണ്ടാകുന്ന പ്രശ്നങ്ങൾ നമ്മുടേതു തന്നെയാണ്. കുടുംബജീവിതത്തിലെ പ്രാരാബ്ധങ്ങളൊക്കെ മാറ്റിവച്ചുകൊണ്ട് ബൈബിൾ സൊസൈറ്റിയിലെ അംഗങ്ങൾ വർഷങ്ങളായി സേവനം ചെയ്യുന്നതു കാണുമ്പോൾ ചാരിതാർഥ്യമുണ്ട്. പി.ഒ.സി. ബൈബിൾ നമ്മൾ മാത്രമല്ല മറ്റു മതസ്ഥരും വായിക്കുന്നുണ്ടെന്നും, കർത്താവേ, നിന്റെ സുവിശേഷത്തിന്റെ അർഥം വെളിപ്പെടുത്തി, പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ എന്നെ നിറക്കണമേ എന്ന പ്രാർഥനയോടെ വേണം ബൈബിൾ വായിക്കേണ്ടതെന്നും പിതാവ് പറയുകയുണ്ടായി. സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിലി ലേക്കുള്ള ഇലക്ഷൻ കൂടിയുള്ള ജനറൽ ബോഡി മീറ്റിംഗ് ആണിത്. തിരഞ്ഞെടുപ്പ് ശുശ്രൂഷക്കുവേണ്ടിയു ള്ളതാണ്. മാത്സര്യബുദ്ധിക്ക് ഇവിടെ സ്ഥാനമില്ല. നന്മ ചെയ്യുവാൻ കഴിവും നല്ല മനസ്സും ഉള്ളവരാണ് മാനേ ജിംഗ് കൗൺസിലിലേക്കു കടന്നുവരേണ്ടത്. സേവനം പൂർത്തിയാക്കിയ മാനേജിംഗ് കൗൺസിൽ അംഗ ങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ടാണ് അഭിവന്ദ്യ പിതാവ് അധ്യക്ഷപ്രസംഗം അസാനിപ്പിച്ചത്. കഴിഞ്ഞ ആറു വർഷം വൈസ് ചെയർമാനായി സ്തുത്യർഹമായ സേവനം ചെയ്ത ശ്രീ. ആന്റണി പാലിമറ്റത്തേയും എക്സി ക്യൂട്ടിവ് അംഗമായിരുന്ന ശ്രീ. ജോസഫ് പന്തപ്ലാക്കലിനെയും മാനേജിംഗ് കൗൺസിലിലെ എല്ലാ അംഗങ്ങ ളെയും നന്ദിയോടെ പിതാവ് അനുസ്മരിച്ചു.

കെ.സി.ബി.സിയുടെ കമ്മീഷനുകളിൽ ഏറ്റവും പ്രധാനപ്പെട്ട കമ്മീഷൻ ആണ് ഇതെന്നും, ഈ കാല ഘട്ടത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ബൈബിൾ സൊസൈറ്റി പ്രവർത്തിക്കുന്നതിനാൽ വളരെ അഭിന ന്ദനം അർഹിക്കുന്നുവെന്നും ബൈബിൾ സൊസൈറ്റി ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകൾ സഭയെ സംബ ന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്നുവെന്നും പ്രളയത്തോടനുബന്ധിച്ച് ബൈബിൾ നഷ്ടപ്പെട്ട വർക്ക് ബൈബിൾ വിതരണം ചെയ്തത് ഒട്ടേറ കുടുംബങ്ങൾക്ക് ആശ്വാസമായിട്ടുണ്ടെന്നും പി.ഒ.സി. ഡയ റക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് ആശംസാപ്രസംഗത്തിൽ പറഞ്ഞു.

2018ലെ പൊതുയോഗ റിപ്പോർട്ടും 2018-19ലെ വാർഷിക റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും സൊസൈറ്റി സെക്രട്ടറി ഡോ. ജോൺസൺ പുതുശ്ശേരി അവതരിപ്പിച്ചു. ശ്രീ. ഡേവിസ് എം. പോൾ റിപ്പോർട്ട് പാസാക്കാമെന്ന് നിർദേശിക്കുകയും ഡോ. ജോസ് കല്ലറക്കൽ പിന്താങ്ങുകയും യോഗം അത് പാസാക്കു കയും ചെയ്തു.

2018-19ലെ വാർഷിക കണക്ക് ട്രഷറർ സി. ആഗ്നസ് ജോർജ് അവതരിപ്പിച്ചു. യോഗാംഗങ്ങളിൽ രണ്ട് പേർ കണക്കുമായി ബന്ധപ്പെട്ട സംശയങ്ങൾ ഉന്നയിച്ചു. ഓഡിറ്റർ പി.സി വർഗീസ് വിശദീകരണം നൽകി ക്യാഷ് ബാലൻസിൽ പൈസയുടെ കണക്ക് ഒഴിവാക്കണമെന്നും, ഫിക്സഡ് ഡെപ്പോസിറ്റിന്റെ ഷെഡ്യൂൾ കോപ്പി കിട്ടിയില്ലെന്നും മാനേജിംഗ് കൗൺസിൽ അംഗമായിരുന്ന അഡ്വ. ജോസി സേവ്യർ പറഞ്ഞു. കോപ്പി കൾ മാനേജിംഗ് കൗൺസിലിൽ അവ നല്കിയതാണെന്നും, ആവശ്യമുള്ളവർക്ക് കോപ്പികൾ നല്കാമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. ഡി.എച്ച്.എഫ്.എൽ ലിൽ നിക്ഷേപിച്ചിട്ടുള്ള ഫിക്സഡ് ഡെപ്പോസിറ്റുകൾ എത്രയും പെട്ടെന്ന് പിൻവലിക്കണമെന്നും ചിലർ അഭിപ്രായപ്പെട്ടു. അവിടെ നിക്ഷേപിച്ചിട്ടുള്ള തുകകൾ പിൻവലിച്ചു കൊണ്ടിരിക്കുന്നു എന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ഇൻകം ടാക്സിൽനിന്നും കിട്ടാനുള്ള തുകയെക്കുറിച്ച് സംശയങ്ങൾ അഡ്വ. ജോസി സേവ്യർ ഉന്നയിച്ചു. കഴിഞ്ഞവർഷം കിട്ടാനുള്ളത് മെയ്-ജൂൺ മാസത്തിൽ പലിശ സഹിതം കിട്ടിയെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. 2019-20 വർഷത്തെ ബഡ്ജറ്റ് സെക്രട്ടറിയച്ചൻ അവ തരിപ്പിച്ചു. യോഗം അത് പാസാക്കി. ചെയ്തുകൊണ്ടിരിക്കുന്ന പദ്ധതികൾ തുടരാനും പുതിയത് ഏറ്റെടു ക്കാനും യോഗം അനുമതി നൽകി. സൊസൈറ്റിയുടെ ഓഡിറ്റർ ആയി ശ്രീ. പി.സി. വർഗീസിനെ പൊതു യോഗം വീണ്ടും നിയമിച്ചു.

2018-19 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുകയും ഏറ്റവും കൂടുതൽ തുക സമാഹരിക്കുകയും ചെയ്ത തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ശ്രീ. വർഗീസ് എ. ലോപ്പ സിന് 3000 രൂപ ക്യാഷ് അവാർഡും തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ എവർ റോളിംഗ് ട്രോഫിയും 10000 രൂപയുടെ ബൈബിളും അഭിവന്ദ്യ അബ്രഹാം മാർ യൂലിയോസ് പിതാവ് സമ്മാനിക്കുകയുണ്ടായി.

2018-19 വർഷത്തിൽ ബൈബിൾ സൊസൈറ്റിയിലേക്ക് 1,00,000/- (ഒരു ലക്ഷം രൂപ) നൽകിക്കൊണ്ട് ബൈബിൾ അമ്പാസഡർ ആയ തേജസ് ഫിലിപ്പിനുള്ള സർട്ടിഫിക്കറ്റ് പി.ഒ.സി. ഡയറകടർ ഫാ. വർഗീസ് വള്ളിക്കാട്ടിൽനിന്ന് തേജസിന്റെ പിതാവ് ശ്രീ. തോമസ് ഫിലിപ്പ് ഏറ്റുവാങ്ങി.

2019-2022 കാലഘട്ടത്തിലേക്കുള്ള മാനേജിംഗ് കൗൺസിൽ തിരഞ്ഞെടുപ്പ് നടന്നു. തിരഞ്ഞെടുപ്പിന് നേതൃത്വം നൽകിയത് ഫാ. സാജു കുത്തോടിപുത്തൻപുരക്കൽ, ഫാ. പോൾ മാടശ്ശേരി ഫാ. ജേക്കബ് പ്രസാദ്, ഫാ. സ്റ്റീഫൻ തോമസ് എന്നിവരായിരുന്നു. വോട്ടുകൾ എണ്ണുവാൻ ആലുവ ലിറ്റിൽ ഫ്ളവർ സെമി നാരിയിലെ എട്ടു സെമിനാരി വിദ്യാർഥികൾ സഹായിച്ചു. മീറ്റിംഗിൽ പങ്കെടുത്തവരിൽ വോട്ടു രേഖപ്പെടു ത്തിയവർ 122 പേരായിരുന്നു. പല വിഭാഗങ്ങളിൽനിന്ന് മാനേജിംഗ് കൗൺസിൽ രൂപീകരിക്കുകയും അവ തിൽനിന്ന് എക്സിക്യൂട്ടിവ് കമ്മിറ്റിയെ നാമനിർദേശം വഴി മാനേജിംഗ് കൗൺസിലിൽനിന്ന് തിരഞ്ഞെടു ക്കുകയും ചെയ്തു. അതിനുശേഷം വൈസ്ചെയർമാനായി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കലിനെ തിര ഞ്ഞെടുത്തു. ശ്രീമതി. കൊച്ചുത്രേസ്യ സൈമണെ ജോയിന്റ് സെക്രട്ടറിയായും സി. ആഗ്നസ് ജോർജിനെ ട്രഷററായും യോഗം നിയമിച്ചു.

തുടർന്ന് 2016-19 വർഷങ്ങളിൽ ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് - എക്സിക്യൂട്ടിവ് അംഗ ങ്ങളായി സേവനമനുഷ്ഠിച്ചവർക്ക് മെമന്റോ നൽകി ആദരിച്ചു.

തിരഞ്ഞെടുപ്പിലെ വോട്ടുകൾ എണ്ണുന്ന സമയത്തു നടന്ന ചർച്ചകൾക്ക് സെക്രട്ടറിയച്ചൻ നേതൃത്വം നൽകി. അടുത്തവർഷം തുടരുന്ന പദ്ധതികൾ ഇവയാണ്: ഗ്രീക്ക്-മലയാളം ഇന്റർലീനിയർ; ബ്രെയിലി ബൈബിൾ. പഠനബൈബിളിന്റെ രണ്ടാംഭാഗം ബൈബിൾ കമ്മീഷൻ തയ്യാറാക്കുന്നു. പഴയനിയമ പരിഷ്ക രണം ജോഷി മയ്യാറ്റിലച്ചന്റെ നേതൃത്വത്തിൽ നടക്കുന്നു. ബഹു. ജോസഫ് തൊണ്ടിപ്പറമ്പിലച്ചന്റെ ആക സ്മിക നിര്യാണം ഈ സംരംഭത്തിന് തീരാനഷ്ടമാണെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

കുട്ടികൾക്കായുള്ള ബൈബിൾ വീഡിയോ, മീഡിയാ കമ്മീഷന്റെ സഹായത്തോടെ ചെയ്യുവാൻ ആഗ്രഹിക്കുന്നുവെന്ന് സെക്രട്ടറി അച്ചൻ പറഞ്ഞു. അതുപോലെതന്നെ ബൈബിൾ കേന്ദ്രീകൃതമായ ലീഡർഷിപ്പ് ട്രെയ്നിംഗ് പ്രോഗ്രാമും മീഡിയാ കമ്മീഷന്റെ സഹായത്തോടെ ചെയ്യുന്നു. കേരളത്തിൽ വിവിധഭാഗങ്ങളിൽ ഇതു ചെയ്യുവാനുള്ള പദ്ധതിയാണ് തയ്യാറാക്കുന്നത്. ഈ രണ്ടു പദ്ധതികളും പൊതുയോഗം സ്വാഗതം ചെയ്തു. വീഡിയോ ബൈബിൾ ക്ലാസുകൾ തയ്യാറാക്കാനുള്ള പദ്ധതിയും സെക്രട്ടറിയച്ചൻ അവതരിപ്പിച്ചു. ബൈബിൾ കോഴ്സുകൾ രൂപതകളിൽ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചു ചർച്ചകൾ നടന്നു. അർഹിക്കുന്ന രൂപതകൾക്ക് കോഴ്സുകൾ സംഘടിപ്പിക്കാൻ സാമ്പത്തികസഹായം ചെയ്യാൻ തീരുമാനമെടുത്തു. പി.ഒ.സിയിൽ സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സുകൾക്ക് സൊസൈറ്റി അംഗങ്ങൾക്ക് സബ്സിഡി നൽകുന്നത് പ്രയോജനപ്പെടുത്തണമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ബൈബിൾ ആനുകാലിക വിഷയങ്ങളെ സംബന്ധിച്ച് വൈദികർക്ക് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോഴ്സ് സംഘടിപ്പിക്കുന്ന പ്രോജക്റ്റും യോഗത്തിൽ അവതരിപ്പിക്കപ്പെട്ടു. ഈ വർഷം ലോഗോസ് പരീക്ഷയ്ക്ക് വിഭിന്നശേഷിക്കാർക്കുള്ള ടി.വി ഫൈനൽ പരീക്ഷ നടത്തുന്നതാണ്. ബധിര-മൂകർക്കിടയിൽ ഈ ക്വിസ് പ്രോഗ്രാം ബൈബിൾ പഠിക്കുവാൻ കൂടുതൽ താത്പര്യം സൃഷ്ടിച്ചിട്ടുണ്ട് എന്ന അഭിപ്രായമുണ്ടായി. ഓഡിയോ ബൈബിൾ ഇപ്പോൾ സങ്കീർത്തനം മാത്രമാണ് സൗജന്യമായി നൽകുന്നത്. മുഴുവൻ ബൈബിളും സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ അനുവദിച്ചാൽ വലിയ പ്രേഷിതമുന്നേറ്റമായിരിക്കും. ഇതു തയ്യാറാക്കുവാൻ ചെലവായ തുകയുടെ പങ്ക് ലഭിച്ചാൽ ഇതിന് അനുവാദം കൊടുക്കാൻ പൊതുയോഗം അനുമതി നൽകി. യു.കെ.യിലുള്ള ചില അഭ്യുദയകാംക്ഷികളാണ് ഇതിനുള്ള തുക സമാഹരിക്കുവാൻ മുന്നോട്ടുവന്നിരിക്കുന്നത്. മെഗാവോയ്സുമായി ചേർന്ന് ഓഡിയോ ബൈബിൾ പ്ലെയർ പുറത്തിറക്കുവാനുള്ള ക്രമീകരണങ്ങൾ നടക്കുന്നു. ഡിവൈൻ വിഷൻ നെറ്റ്വർക്കിന്റെ നേതൃത്വത്തിലുള്ള ഇന്റർനെറ്റ് റേഡിയോയിലും പി.ഒ.സി ഓഡിയോ ബൈബിൾ കേൾക്കുവാൻ സഹായിക്കുന്ന പ്രോജക്റ്റ് ഉടൻ യാഥാർഥ്യമാകുന്നതാണ്. തൃശൂരുള്ള ഡോ. തേജസ് പുതിയ ഓഡിയോ സുവിശേഷം തയ്യാറാക്കുവാൻ ആഗ്രഹിക്കുന്നുവെന്നും പുതുക്കിയ പരിഭാഷയായിരിക്കും ഉപയോഗിക്കുകയെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. ബൈബിൾ സൊസൈറ്റി ഇറക്കിയ ഓഡിയോ ബൈബിളിലൂടെ അനേകായിരങ്ങളിലേക്ക് ദൈവവചനം എത്തുന്നത് അഭിമാനകരവും സന്തോഷകരവുമാണ്.

സൊസൈറ്റി അംഗങ്ങളെ രൂപതകളിൽ വിളിച്ചു കൂട്ടണമെന്നും അവരുടെ നേതൃത്വത്തിൽ ഇടവകകളിൽ ബൈബിൾ പ്രേഷിതത്വം സജീവമാക്കണമെന്നും അഭിപ്രായങ്ങൾ യോഗത്തിൽ ഉയർന്നുവന്നു. സൊസൈറ്റി അംഗങ്ങൾ ഓരോരുത്തരെയെങ്കിലും പുതിയതായി ചേർക്കണമെന്ന് സെക്രട്ടറിയച്ചൻ അഭിപ്രായപ്പെട്ടു. യുവജനങ്ങളെ വചനമേഖലയിലേക്ക് ആകർഷിക്കുവാൻ കൂടുതൽ ശ്രദ്ധിക്കണമെന്ന അഭിപ്രായമുണ്ടായി. പ്രാർഥനാഗ്രൂപ്പുകൾക്ക് സഹായകമായ നിർദേശങ്ങളും പ്രോഗ്രാമുകളും വേണമെന്നും ചിലർ ആവശ്യപ്പെട്ടു. ബൈബിൾ ഗ്രൂപ്പുകൾ ഇടവകകളിൽ സൊസൈറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ തുടങ്ങുന്നത് ഇടവകസമൂഹത്തെ ശക്തിപ്പെടുത്തും. ബൈബിൾ ശേഖരിക്കുകയും ബൈബിൾ വായിക്കുന്നവർക്കായി നോട്ടുബുക്കുകൾ സൗജന്യമായി കൊടുക്കകയും ചെയ്യുന്ന ശ്രീ. തങ്കച്ചനെക്കുറിച്ച് ശ്രീ. ഡേവിഡ് പരാമർശിച്ചു. ബൈബിൾ മേഖലയിൽ സംഭാവനചെയ്യുന്നവരെ ആദരിക്കാൻ സൊസൈറ്റി മുന്നോട്ടു വരണമെന്ന അഭിപ്രായമുണ്ടായി. ഇതിനുള്ള ക്രമീകരണങ്ങൾ ചെയ്യാമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

ചർച്ചകൾക്ക് ശേഷം ഫാ. ജോഷി സങ്കീർത്തനാലാപനം നടത്തി, സൊസൈറ്റി അംഗങ്ങളുടെ കുടുംബങ്ങൾക്കായി പ്രാർഥിച്ചു. തുടർന്ന് മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ ജനറൽ കാറ്റഗറിയില തെരെഞ്ഞടുപ്പുഫലം ഫാ. ജേക്കബ് പ്രസാദ് വായിച്ചു.

2019-22-ലേക്കുള്ള എക്സിക്യൂട്ടിവ് കമ്മിറ്റി - മാനേജിംഗ് കൗൺസിൽ അംഗങ്ങൾ താഴെപറയുന്നവരാണ്:

**എക്സിക്യൂട്ടിവ് കൗൺസിൽ**

1. അഭിവന്ദ്യ അബ്രഹാം മാർ ജൂലിയോസ് (ചെയർമാൻ)
2. ജിസ്മോൻ തുടിയൻപ്ലാക്കൽ (വൈസ് ചെയർമാൻ)
3. റവ. ഡോ. ജോൺസൺ പുതുശ്ശേരി (സെക്രട്ടറി)
4. കൊച്ചുത്രേസ്യ വി.എ (ജോയിന്റ് സെക്രട്ടറി)
5. റവ. സി. ആഗ്നസ് ജോർജ് സി.ടി.സി (ട്രഷറർ)
6. റവ. ഫാ വർഗീസ് വള്ളിക്കാട്ട്
7. റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിയിൽ
8. റവ. ഡോ. അഗസ്റ്റ്യൻ മുള്ളൂർ ഒ.സി.ഡി

9. ജാൻസി ജേക്കബ്
10. മാത്യു പ്ലാത്തോട്ടം
11. മോളി തോമസ്
12. ആന്റണി സച്ചിൻ
13. ആലീസ്കുട്ടി സി.സി
14. ഷീബാ സേവ്യർ

**മാനേജിംഗ് കൗൺസിൽ**

1. ഫാ ജോസഫ് താമരവെളി
2. ഫാ. ആന്റണി കണ്ണംപിള്ളി സി.എസ്.ടി
3. തോമസ് പോൾ
4. ജോസഫ് കൊറ്റിയാത്ത്
5. തോമസ് ഫിലിപ്പ്
6. തോമസ് ജോൺ തേവരേത്ത്
7. ഡോ. റെക്സ് തോമസ്
8. അന്നമ്മ ജോസഫ് (ലൂസി)
9. വർഗീസ് എ. ലോപ്പസ്
10. ജോയ് എൻ. ലാസർ
11. ജിഷ ജോസഫ്
12. പി. ആർ ആന്റണി
13. ആൻസൺ ജോൺ
14. ടെറസിറ്റ ക്ലീറ്റസ്
15. ലില്ലി ജോസ് കല്ലറക്കൽ
16. മോളി റോഷർ
17. മാത്യു എം. കണ്ടത്തിൽ
18. മാർട്ടിൻ എ.ജെ
19. പി.കെ ജോസഫ്
20. ഡോ. ജോസ് കല്ലറക്കൽ
21. ജോൺ പോൾ പ്രവീൺ
22. കെ.യു ജോസഫ്
23. ജോസഫ് പി. കരീത്തറ

ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ അഭിവന്ദ്യ പിതാവിനും യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. പൊതുയോഗത്തിൽ പങ്കെടുത്തവർക്ക് ചായസത്ക്കാരം ഉണ്ടായിരുന്നു. യോഗാംഗങ്ങൾക്ക് സമ്മാനമായി കെ സി ബി എസ് പ്രസിദ്ധീകരിച്ച 'പഴയനിയമത്തിലെ ചരിത്രവഴികൾ', 'പുറപ്പാടുകഥകൾ' 'ബൈബിൾ നാടകങ്ങൾ' എന്നിവ സമ്മാനമായി നല്കി. 7 മണിയോടെ യോഗനടപടികൾ അവസാനിച്ചു.

## കേരളകാത്തലിക് ബൈബിൾസൊസൈറ്റി
## എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 12.09.2019

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 12.09.2019ന് രാവിലെ 9.30ന് ബൈബിൾ സൊസൈറ്റി വൈസ് ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കലിന്റെ അധ്യക്ഷതയിൽ ശ്രീമതി പ്രൊഫ. ആലീസുകുട്ടിയുടെ പ്രാർഥനയോടെ പി.ഒ.സി.യിൽ വച്ച് കൂടുകയുണ്ടായി. സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി വൈസ്ചെയർമാനെയും കമ്മിറ്റി അംഗങ്ങൾ എല്ലാവരെയും പുതിയ ഭരണസമിതിയുടെ ആദ്യ മീറ്റിംഗിലേക്ക് സ്വാഗതംചെയ്തു. സൊസൈറ്റിപ്രവർത്തനങ്ങൾക്ക് പുതിയ ഉണർവുനല്കാൻ എല്ലാവരും ഉത്സാഹിക്കണമെന്ന് അച്ചൻ ആഹ്വാനംചെയ്തു.

ജോയിന്റ് സെക്രട്ടറി ശ്രീമതി. കൊച്ചുത്രേസ്യാ സൈമന്റെ അഭാവത്തിൽ ട്രഷറർ സി. ആഗ്നസ് ജോർജ് സി.റ്റി.സി. മുൻഎക്സിക്യൂട്ടിവ് കമ്മിറ്റി യോഗറിപ്പോർട്ട് വായിച്ചു. യോഗമത് പാസാക്കി. തുടർന്ന് മാനേജിംഗ് കൗൺസിലിൽ ചർച്ചചെയ്യാനുള്ള കാര്യങ്ങൾ സെക്രട്ടറിയച്ചൻ അവതരിപ്പിച്ചു.

**പുതിയ സംരഭങ്ങൾ:**

1. അമേസിംഗ് ജീസസ്:– 6–10വയസ്സുവരെയുള്ള കുട്ടികൾക്കായി, ബൈബിളിനെക്കുറിച്ച് കൂടുതൽ അറിയാനുള്ള ഒരു ഗെയിം 'അമേസിംഗ് ജീസസ്' എന്ന പേരിൽ ബാംഗ്ലൂർനിന്നും ഒരു ഗ്രൂപ്പ് ഇറക്കുന്നു. ബൈബിൾ സൊസൈറ്റി നല്കിയ പ്രോത്സാഹനമനുസരിച്ചാണ് അവർ ഇതു തയ്യാറാക്കുന്നത്.

**2. ഓഡിയോ പ്ലെയർ:–** പി.ഒ.സി. ബൈബിൾ ഓഡിയോപ്ലെയർ "മെഗാവോയ്സ്" എന്ന സംഘടനയുമായി ചേർന്ന് തയ്യാറാക്കിയിരിക്കുന്നത് പ്രകാശനം ചെയ്യുന്നതായിരിക്കും.

**ലോഗോസ് ക്വിസ് 2019**

ലോഗോസ് രൂപതാമത്സരദിനമായ സെപ്റ്റംബർ 29–ാം തീയതി കൗൺസിൽ അംഗങ്ങൾ ഇടവകയിലും അടുത്തുള്ള സെന്ററുകളിലും സന്ദർശനം നടത്തിന്നത് ഉചിതമായിരിക്കും. ഇതിനായി അംഗങ്ങൾക്ക് ഐഡികാർഡ് തയ്യാറാക്കുന്നുണ്ട്. നവംബർ 10–ാംതീയതി ആലുവ, കൊല്ലം, കോഴിക്കാട് എന്നീ മേഖലകളിലായി നടക്കുന്ന സംസ്ഥാനതല മത്സരത്തിലും നവംബർ 23–24 പി.ഒ.സി.യിൽ വച്ച് നടക്കുന്ന മെഗാഫൈനൽ മത്സരത്തിലും എല്ലാവരുടെയും പൂർണപങ്കാളിത്തം സെക്രട്ടറിയച്ചൻ അഭ്യർഥിച്ചു.

**ബൈബിൾ പാരായണമാസം**

ഡിസംബർ മാസത്തിൽ ബൈബിൾ പാരായണം കഴിഞ്ഞവർഷത്തെപ്പോലെ സംഘടിപ്പിക്കുന്നതാണ്.

**ബൈബിൾ കലോത്സവം**

കലൂർ റിന്യൂവൽ സെന്ററിൽവച്ച് നടക്കുന്ന ഇത്തവണത്തെ ബൈബിൾ കലോത്സവത്തിൽ എല്ലാവരുടെയും സഹായസഹകരണം സെക്രട്ടറിയച്ചൻ അഭ്യർഥിച്ചു.

**ബൈബിൾ കോഴ്സ്**

ഇടവകകളിൽ ഏകദിന ബൈബിൾ ക്ലാസ് മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നത് നല്ലതായിരിക്കുമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

**സൗജന്യബൈബിൾ വിതരണം:–** ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർമാർ മുഖേന ഈ വർഷം പ്രളയബാധിതപ്രദേശങ്ങളിൽ ബൈബിൾ വിതരണം ചെയ്യാൻ ആഗ്രഹിക്കുന്നു.

10.15–ന് കുറ്റിയാനിക്കലച്ചന്റെ പ്രാർഥനയോടെ യോഗം സമാപിച്ചു.

## കേരളകാത്തലിക് ബൈബിൾസൊസൈറ്റി
## മാനേജിംഗ് കൗൺസിൽ യോഗം 12.09.2019

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 12.09.2019ന് രാവിലെ 10.30ന് ബൈബിൾ സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ അബ്രഹാം മാർ യൂലിയോസ് പിതാവിന്റെ അധ്യക്ഷതയിൽ ശ്രീ. ജോസഫ് പി.കെ.യുടെ പ്രാർഥനയോടെ പി.ഒ.സി.യിൽ വച്ച് കൂടുകയുണ്ടായി. യോഗത്തിൽ 30 അംഗങ്ങൾ പങ്കെടുത്തു.

വൈസ് ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ, ചെയർമാൻ പിതാവിനെയും മറ്റെല്ലാവരെയും സ്വാഗതം ചെയ്യുകയും എല്ലാ യോഗത്തിലും എല്ലാവരും പങ്കെടുക്കുമെന്ന് ദൃഢനിശ്ചയം ചെയ്യണമെന്നും ഓരോ മീറ്റിംഗിനു വരുമ്പോഴും ഓരോ പുതിയ ചിന്തകൾ പരസ്പരം പങ്കുവയ്ക്കണമെന്നും ആഹ്വാനം ചെയ്യുകയുണ്ടായി.

ബൈബിൾ പ്രേഷിതരംഗത്ത് ബൈബിൾ സൊസൈറ്റി ചെയ്തിട്ടുള്ള സേവനങ്ങൾ അതുല്യമാണ്.

ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ചെയ്യാത്ത കാര്യങ്ങൾ നാം ചെയ്തു കൊണ്ടിരിക്കുന്നു. പി.ഒ.സി. ബൈബിൾ അനേകലക്ഷം കോപ്പികൾ വിതരണം ചെയ്തു കഴിഞ്ഞു. ബൈബിളിനെ അറിയാൻ സഹായകമായിട്ടുള്ള ഓഡിയോബൈബിൾ, ബൈബിൾ ക്വിസ്, ബൈബിൾ നാടകങ്ങൾ എന്നിങ്ങനെയുള്ള മാർഗങ്ങളിലൂടെ ദൈവവചനത്തിന് നാം പ്രചാരം കൊടുത്തുകൊണ്ടിരിക്കുന്നു. അക്രൈസ്തവർപോലും ലോകരക്ഷകനായ ക്രിസ്തുവിനെ അറിഞ്ഞോ അറിയാതെയോ പ്രഘോഷിക്കുന്നുണ്ടെന്നും നമ്മുടെ സന്ദേശങ്ങൾ ഒന്നും പാഴാകുന്നില്ലെന്നും പിതാവ് പറയുകയുണ്ടായി. ദൈവത്തിന്റെ വചനത്തിന് ലോകമാസകലം സ്വാധീനമുണ്ടെന്നും വൈദികരായാലും സന്യസ്തരായാലും വചനത്തിന്റെ കീഴിൽ ശുശ്രൂഷ ചെയ്യുന്നവരാണെന്നും ഇതുപോലുള്ള കമ്മിറ്റികളിൽ പ്രവർത്തിക്കുവാൻ സാധിക്കുന്നത് ഒരു അനുഗ്രഹമായി കാണണമെന്നും മീറ്റിംഗുകളിൽ മുടങ്ങാതെ പങ്കെടുക്കണമെന്നും പിതാവ് പറയുകയുണ്ടായി.

ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യാ സൈമന്റെ അഭാവത്തിൽ ട്രഷറർ സി. ആഗ്നസ് ജോർജ് സി.റ്റി.സി. മുൻമാനേജിംഗ് കൗൺസിൽ യോഗറിപ്പോർട്ട് വായിച്ചു. യോഗമത് പാസാക്കി.

**പുതിയ സംരഭങ്ങൾ:**

1. അമേസിംഗ് ജീസസ്:– 6–10വയസ്സുവരെയുള്ള കുട്ടികൾക്കായി, ബൈബിളിനെക്കുറിച്ച് കൂടുതൽ അറിയാനുള്ള ഒരു ഗെയിം 'അമേസിംഗ് ജീസസ്' എന്ന പേരിൽ ബാംഗ്ലൂർനിന്നും ഒരു ഗ്രൂപ്പ് ഇറക്കുന്നു. ഓരോ മാസവും ഓരോ പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു വർഷത്തെ പാക്കേജാണിത്. ഇത് കുട്ടികൾക്ക് സമ്മാനമായി നല്കാൻ വളരെ നല്ലതായിരിക്കുമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ബൈബിൾ സൊസൈറ്റി നല്കിയ പ്രോത്സാഹനമനുസരിച്ചാണ് അവർ ഇതു തയ്യാറാക്കുന്നത്.

2. ഓഡിയോ പ്ലെയർ:– പി.ഒ.സി. ബൈബിൾ ഓഡിയോപ്ലെയർ "മെഗാവോയ്സ്" എന്ന സംഘടനയുമായി ചേർന്ന് ഇറക്കിയിരിക്കുന്നു. ഇതിൽ ഇംഗ്ലീഷ് ബൈബിളും കേൾക്കാം. സോളാറിലും കരണ്ടിലും ചാർജ് ചെയ്യാൻ സാധിക്കും. എളുപ്പത്തിൽ ഉപയോഗിക്കാവുന്ന ഈ പ്ലെയർ രോഗികളായവർക്ക് ബൈബിൾ കേൾക്കാൻ ഏറ്റവും നല്ലതാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ശ്രീ. ആൻഡ്രൂസ് ഇതിനെക്കുറിച്ച് വീഡിയോയുടെ സഹായത്തോടെ വിശദീകരിച്ചു. ചെയർമാൻ പിതാവ് പ്രാർഥനയോടെ ഓഡിയോപ്ലെയർ പ്രകാശനം ചെയ്തു.

തുടർന്ന് മാനേജിംഗ് കൗൺസിൽ അംഗങ്ങൾ എല്ലാവരും സ്വയം പരിചയപ്പെടുത്തി. അവർ ഇടവകയിൽ ചെയ്യുന്ന കാര്യങ്ങളും പങ്കുവച്ചു.

പരിചയപ്പെടുത്തലിനുശേഷം സെക്രട്ടറിയച്ചൻ അജണ്ടയിൽ ഉള്ള വിഷയങ്ങളും ചില നിർദേശങ്ങളും അവതരിപ്പിച്ചു. നമ്മുടെ ഇടവകയിലേക്കും സമീപ ഇടവകകളിലേക്കും നമ്മുടെ പ്രവർത്തനങ്ങളെ കൊണ്ടുചെല്ലുകയും, ബൈബിൾ സംബന്ധമായ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുകയും ചെയ്യണം. യുജനങ്ങൾക്കോ കുട്ടികൾക്കോവേണ്ടി എന്തെങ്കിലും ചെയ്യണമെങ്കിൽ സാമ്പത്തിക ചിലവിൽ ഒരു വിഹിതം ഇവിടെനിന്നും വഹിക്കുന്നതാണെന്നും അറിയിച്ചു. ഇടവകതലത്തിൽ പാവപ്പെട്ടവർക്കും കുട്ടികൾക്കുമായി ബൈബിൾ വിതരണം ചെയ്യാൻ താല്പര്യം കാണിക്കണമെന്ന് സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു.

മാനേജിംഗ് കൗൺസിൽ അംഗങ്ങൾ വർഷത്തിൽ ഏറ്റവും കുറഞ്ഞത് 10 പേരെയെങ്കിലും പുതിയതായി മെമ്പർഷിപ്പ് എടുപ്പിക്കാനും ഇടവകയിലും രൂപതയിലും മറ്റും മെമ്പർഷിപ്പ് ക്യാമ്പെയ്ൻ സംഘടിപ്പിക്കാനും മുന്നിട്ടിറങ്ങുന്നത് നന്നായിരിക്കും.

ബൈബിൾ പ്രൊമോട്ടർ:- ഓരോ അംഗങ്ങൾ 10പേരെ ചേർത്താൽ ബൈബിൾ പ്രൊമോട്ടർമാരാകും. പ്രൊമോട്ടർമാർക്ക് മെമ്പർഷിപ്പ് ഫീസ് പിരിപ്പിക്കുന്നതിൽ 20ശതമാനം തുക അതിന്റെ ചിലവിലേക്കായി നല്കുന്നതായിരിക്കും. കണ്ണൂർ കാസർകോഡ് രൂപതകളിൽ 40രൂപയുടെ ബൈബിൾ സൗജന്യമായി കിട്ടുമോ എന്ന് ശ്രീമതി ലൂസി ടീച്ചർ ആരാഞ്ഞു. സബ്സിഡി നിരക്കിൽ കൊടുക്കാമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

**ലോഗോസ് ക്വിസ് 2019**

സെപ്റ്റംബർ 29–ാം തീയതിയാണ് ലോഗോസ് രൂപതാമത്സരം. ഇടവകയിലും അടുത്തുള്ള സെന്ററുകളിലും മാനേജിംഗ് കൗൺസിൽ അംഗങ്ങൾ സന്ദർശനം നടത്തണമെന്നും ഇതിനായി അംഗങ്ങൾക്ക് ഐഡികാർഡ് തരുമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. നവംബർ 10–ാംതീയതി ആലുവ, കൊല്ലം, കോഴിക്കാട് എന്നീ മേഖലകളിലായി നടക്കുന്ന സംസ്ഥാനതല മത്സരത്തിൽ ഓരോ ഏരിയായിലുള്ളവരുടെ പങ്കാളിത്തവും ഉണ്ടാകണമെന്ന് അച്ചൻ അറിയിച്ചു. നവംബർ 23–24 മെഗാഫൈനൽ പി.ഒ.സി.യിൽ വച്ച് നടക്കുന്നു. എല്ലാവരുടെയും പൂർണപങ്കാളിത്തം വേണം എന്ന് സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു. ഓൺലൈനായി

കാനഡയിൽനിന്നും ലോഗോസ് ക്വിസിൽ പങ്കെടുക്കുന്നുണ്ടെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

ലോഗോസ് ക്വിസ് കഴിഞ്ഞവർഷങ്ങളേക്കാൾ കൂടുതൽ രജിസ്ട്രേഷൻ ഉണ്ട്..എറണാകുളം അങ്കമാലി അതിരൂപതയിലെ പ്രശ്നങ്ങക്കും വിവാദങ്ങൾക്കും ഇടയിലും ലോഗോസ് രജിസ്ട്രേഷൻ കുറഞ്ഞുപോകാതെ ഒന്നാം സ്ഥാനം നിലനിർത്തായി പരിശ്രമിച്ച ഫാ. ജോസഫ് താമരവെളിക്കും സൊസൈറ്റിയുടെ മുൻ വെസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിനും സെക്രട്ടറിയച്ചൻ പ്രത്യേകം നന്ദി പറഞ്ഞു. ലോഗോസ്ക്വിസ് പഠനത്തിനായി തിരുവനന്തപുരം രൂപത തയ്യാറാക്കിയിരിക്കുന്ന ആപ്ലിക്കേഷൻ വിദേശത്തുള്ളവരാണ് കൂടുതൽ ഉപയോഗിക്കുന്നതെന്ന് ഫാ. ലോറൻസ് കുലാസ് പറഞ്ഞു.

**ബൈബിൾ പാരായണമാസം**

ഡിസംബർ മാസത്തിലെ എല്ലാ ആഴ്ചയുടെ അവസാനവും നാല് രൂപതകളിലായി ബൈബിൾ പാരായണം കഴിഞ്ഞവർഷത്തെപ്പോലെ സംഘടിപ്പിക്കുന്നുണ്ടെന്ന് സെക്രട്ടറിയച്ചൻ അംഗങ്ങളെ അറിയിച്ചു.

**ബൈബിൾ കലോത്സവം**

കലൂർ റിന്യൂവൽ സെന്ററിൽവച്ചാണ് ഇത്തവണ ബൈബിൾ കലോത്സവം നടത്തുന്നത്. ഇതിലേക്ക് എല്ലാവരുടെയും സഹായസഹകരണം ആവശ്യമാണെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

**ബൈബിൾ കോഴ്സ്**

ഇടവകയിൽ വികാരിയുമായി സഹകരിച്ച് ഏകദിന ബൈബിൾ ക്ലാസ് മാനേജിംഗ് കൗൺസിൽ അംഗങ്ങൾ സംഘടിപ്പിക്കുന്നത് നല്ലതായിരിക്കുമെന്നും ഇതിനായി ഒരു വിഹിതം സൊസൈറ്റി വഹിക്കുന്നതായിരിക്കുമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു.

തുടർന്ന് ലോഗോസിന്റെ പങ്കാളിത്തത്തെക്കുറിച്ചും സെക്രട്ടറിയച്ചൻ പറഞ്ഞു. ഇത്തവണ ലോഗോസ് രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത് 5,47,639 പേരാണ്. ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത അതിരൂപത-എറണാകുളം അങ്കമാലി (60788), രണ്ടാം സ്ഥാനം-തൃശൂർ അതിരൂപത (45645), മൂന്നാം സ്ഥാനം-പാലാ രൂപത (40204).

ഇടവക -I. മർത്താമറിയം കുറവിലങ്ങാട്, പാലാ

-II. സെന്റ് ജോർജ് ബസിലിക്ക അങ്കമാലി, എറണാകുളം അങ്കമാലി

-III. സെന്റ് ജോസഫ് ഷ്രൈൻ പാവറട്ടി - തൃശൂർ

ഈ പേരുകൾ ചെയർമാൻ പിതാവ് ഔദ്യോഗികമായി പ്രഖ്യാപിച്ചു. ലോഗോസ് ക്വിസിനോടുള്ള ഉത്സാഹം ചോർന്നു പോയിട്ടില്ല എന്നതിന്റെ തെളിവാണ് ഇതെന്ന് പിതാവ് സൂചിപ്പിച്ചു. എക്സിക്യുട്ടിവ് കമ്മിറ്റി അംഗം ശ്രീമതി. മോളി ടീച്ചറിന്റെ വിവാഹിതരായ മകളും ഭർത്താവും യോഗത്തിൽ വരികയും അവർക്ക് ചെയർമാൻ പിതാവ് അനുഗ്രഹങ്ങളും ആശംസകളും നേരുകയും ബൈബിൾ സമ്മാനമായി നൽകുകയും ചെയ്തു.

**ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്:-** ഈ കോഴ്സ് പ്രചരിക്കാത്ത ഇടവകകളിൽ മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിൽ ഇതിൽ ചേർക്കുകയും ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യണമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

**സൗജന്യബൈബിൾ വിതരണം:-** ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർമാർ മുഖേന കഴിഞ്ഞവർഷം പ്രളയബാധിതർക്കായി സൗജന്യ ബൈബിൾ വിതരണം ചെയ്തുവെന്നും ഈ വർഷം പ്രളയബാധിതപ്രദേശങ്ങളിൽ ആർക്കെങ്കിലും ബൈബിൾ ആവശ്യമുണ്ടെങ്കിൽ ബൈബിൾ ഡയറക്ടർമാർവഴി അറിയിക്കണമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

കഴിഞ്ഞ ടേമിൽ പഴയ ബൈബിൾ കളക്ട് ചെയ്യുന്ന ഒരു പ്രോജക്റ്റ് ഉണ്ടായിരുന്നെന്നും ഇപ്പോൾ അത് ചെയ്യുന്നുണ്ടോ എന്നും ശ്രീമതി ലില്ലി ജോസ് ആരാഞ്ഞു. ഫിയാത്ത് എന്ന സംഘടനയാണ് ഇത് ചെയ്യുന്നത് എന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. പ്ലാസ്റ്റിക് ഫയൽ കൊടുക്കാതെ പേപ്പർഫയൽ കൊടുക്കുന്നതാണ് നല്ലത് എന്ന അഭിപ്രായം ഉണ്ടായി. ഇവിടെ വർഷങ്ങൾക്കുമുമ്പ് തയ്യാറാക്കിയത് കൊടുക്കുന്നതാണെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. മറ്റുഭാഷയിൽ ബൈബിളിനെ 'ഹോളി ബൈബിൾ' എന്നാണ് പറയുന്ന

തെന്നും അതിനാൽ ബൈബിളിനുമുമ്പ് 'വിശുദ്ധ' എന്നു ചേർക്കേണ്ടതല്ലേ എന്ന് റവ. ഫാ. ലോറൻസ് കുലാസ് പറഞ്ഞു. പല നിർദേശങ്ങൾ യോഗാംഗങ്ങൾ വച്ചു. ബൈബിൾതന്നെ ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥമാണ്. പിന്നെ വിശുദ്ധ എന്ന് ചേർക്കേണ്ടതുണ്ടോ എന്നും ഇത് ഭാഷയുടെ പ്രശ്നമാണെന്നും റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ പറഞ്ഞു. പണ്ഡിതരോട് ചർച്ച ചെയ്യാമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

സമ്പൂർണ ബൈബിൾക്വിസിനുവേണ്ടി ഓൺലൈനിൽ ചോദ്യങ്ങളും ഓപ്ഷൻസുമായി ഉണ്ടാക്കുന്നത് നല്ലതാണെന്ന് സെബാസ്റ്റ്യനച്ചൻ അറിയിച്ചു. ദിവ്യബലി മധ്യേ ബൈബിൾ എല്ലാവരും കൊണ്ടുവന്ന് വായനയുടെ സമയത്ത് തുറന്ന് വയ്ക്കുന്നത് നല്ലതാണെന്ന് ശ്രീ. തോമസ് പോൾ അഭിപ്രായപ്പെട്ടു. ലിറ്റർജിയുടെ ഭാഗമായി ലത്തീൻ രൂപതകൾ അത് അനുവദിക്കുന്നില്ലയെന്ന് ലോറൻസ് അച്ചൻ അറിയിച്ചു. കുടുംബ പ്രാർഥനയ്ക്ക് എല്ലാവർക്കും ബൈബിൾ സ്വന്തമായി വേണമെന്നും ഒരു ഭാഗം വായിച്ച് വിചിന്തനം ചെയ്യുന്നത് നല്ലതാണെന്നും ശ്രീ. പി.കെ ജോസഫ് പറഞ്ഞു. ദാനിയേലിന്റെ പുസ്തകത്തെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ ഇറക്കുന്നുണ്ടോയെന്ന് യോഗത്തിൽ ആരാഞ്ഞു. അടുത്തവർഷം റവ. ഡോ. ആന്റണി തറേക്കടവിലിന്റെ പ്രവാചകന്മാരുടെ പുസ്തകം പുറത്തിറക്കുന്നുണ്ട്. അതിൽ ദാനിയേലും കാണുമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ചെയർമാൻ പിതാവിനെകൊണ്ട് ബൈബിൾ ക്ലാസ് സംഘടിപ്പിക്കുന്നത് നല്ലതായിരിക്കുമെന്ന് പ്രൊഫ. ആലീസുകുട്ടി ചേച്ചി അഭിപ്രായപ്പെട്ടു. ഇതിനു തയ്യാറെണെന്ന് പിതാവ് മറുപടിപറഞ്ഞു. ഇന്ന് മീറ്റിംഗിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഒരു സമ്പൂർണ ബൈബിൾ സമ്മാനമായി നല്കുന്നതാണെന്ന് അറിയിച്ചു.

സെക്രട്ടറിയച്ചൻ ചെയർമാൻ പിതാവിനും വൈസ്ചെയർമാനും മറ്റെല്ലാ അംഗങ്ങൾക്കും നന്ദി പറഞ്ഞു. ഉച്ചയ്ക്ക് 12.45ന് പ്രാർഥനയോടെ യോഗം സമാപിച്ചു. ഉച്ചഭക്ഷണത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

## കേരളകാത്തലിക് ബൈബിൾസൊസൈറ്റി
## എക്സിക്യുട്ടീവ് കമ്മിറ്റി യോഗം 26.10.2019

കേരളകാത്തലിക് ബൈബിൾസൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം 2019 ഒക്ടോബർ 26ന് ഉച്ച കഴിഞ്ഞ് മൂന്നു മണിക്ക് വൈസ് ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കലിന്റെ അധ്യക്ഷതയിൽ ബൈബിൾ സൊസൈറ്റിയുടെ ഓഫീസിൽ വച്ച് കൂടുകയുണ്ടായി. പ്രൊഫ. ആലീസുകുട്ടി നയിച്ച പ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു. യോഗത്തിൽ 7 അംഗങ്ങൾ പങ്കെടുത്തു.

മീറ്റിംഗിൽ അധ്യക്ഷനെയും യോഗത്തിൽ പങ്കെടുക്കാനെത്തിയ എല്ലാ അംഗങ്ങളെയും സെക്രട്ടറിയച്ചൻ സ്വാഗതംചെയ്തു. ലോഗോസ് ക്വിസ് അഖിലേന്ത്യാതലത്തിലും മെഗാഫൈനൽതലത്തിലും നടത്തുവാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ സമയത്ത് മീറ്റിംഗ് വിളിച്ചതിന്റെ ആവശ്യകതയെക്കുറിച്ചും എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ ലോഗോസ് പങ്കാളിത്തത്തെക്കുറിച്ചും അച്ചൻ സ്വാഗതപ്രസംഗത്തിൽ സൂചിപ്പിച്ചു. ശ്രീമതി വി. എ. കൊച്ചുത്രേസ്യ 12-9-2019ലെ യോഗറിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അതു പാസാക്കി.

ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ തന്റെ അധ്യക്ഷപ്രസംഗത്തിൽ ലോഗോസ് ക്വിസ് നവീനമായ തരത്തിൽ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നത് നല്ലതാണെന്നു സൂചിപ്പിച്ചു. കഴിഞ്ഞ വർഷങ്ങളിലെപ്പോലെ മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ സഹകരണം ഉണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ടാണ് അധ്യക്ഷപ്രസംഗം അവസാനിപ്പിച്ചത്. ഈ വർഷത്തെ പ്രളയത്തിലും ഉരുൾപൊട്ടലിലും ബൈബിൾ നഷ്ടപ്പെട്ടവർക്ക് രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർമാർ വഴി സബ്സിഡി നിരക്കിൽ ബൈബിൾ കൊടുക്കുന്നതാണെന്ന് അറിയിച്ചതനുസരിച്ച് ബത്തേരി, കോഴിക്കോട്, മാനന്തവാടി രൂപതകളിലെ ഇടവകകളിൽ സൗജന്യമായി സമ്പൂർണ ബൈബിൾ നല്കുകയുണ്ടായി.

വി.ജറോമിന്റെ 150-ാം മരണവാർഷികം പ്രമാണിച്ച് മാർപ്പാപ്പ പുറത്തിറക്കിയ 'അപ്പെരൂയിത് ഇല്ലിസ്' എന്ന അപ്പസ്തോലിക ലേഖനത്തിൽ ജനുവരി മാസം മൂന്നാം ഞായർ ബൈബിൾ ഞായറായി പ്രഖ്യാപിച്ച വിവരം സെക്രട്ടറിയച്ചൻ യോഗത്തിൽ അറിയിച്ചു.

2019-ലെ ബൈബിൾ മാസാചരണം നവംബർ 30-ാം തീയതി പാലാ കത്തീഡ്രലിൽ ഉദ്ഘാടനം ചെയ്യുന്ന കാര്യം സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. ഇത് ഡിസംബർ 8-ാംതീയതി കണ്ണൂർ ഭാഗത്തും ഡിംസംബർ 14-ാം തീയതി തിരുവല്ല അതിരൂപതയിലും ഡിംസംബർ 23-ാംതീതി കോട്ടപ്പുറം രൂപതയിലും ബൈബിൾ മാസാചരണം നടത്തുന്നതാണ്. ഡിസംബർ 31-ാം തീയതി എറണാകുളം രൂപതയിലെ വെണ്ണല സെന്റ് മാത്യൂസ് പള്ളിയിൽ വച്ച് പാരായണ മാസത്തിന്റെ സമാപനം ആചരിക്കുമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

ഇതിൽ മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ സഹകരണം അഭ്യർഥിച്ചു.

തുടർന്ന് നവംബർ 10ന് നടത്തുവാൻപോകുന്ന അഖിലേന്ത്യാ ലോഗോസ് ക്വിസിന്റെ ഒരുക്കങ്ങളെയും നടത്തിപ്പിനെയും കുറിച്ച് പറഞ്ഞു. കൊല്ലം മേഖലയിൽ വൈസ് ചെയർമാൻ ജിസ്മോൻ തുടിയൻപ്ലാക്കൽ, എക്സിക്യൂട്ടിവ് കമ്മിറ്റിയംഗം ശ്രീ. ആന്റണി സച്ചിൻ, മനു തോമസ്, ജോൺ തേവരത്ത്, മി. വർഗീസ് ലോപ്പസ് എന്നിവരെ മത്സരസംഘാടകരായി തീരുമാനിച്ചു.

കോഴിക്കാട് മേഖലയിൽ ശ്രീ. ആന്റണി പാലിമറ്റം, ശ്രീ. പി.കെ ജോസഫ്, സി. ആനീസ്, ശ്രീ. മാത്യു പ്ലാത്തോട്ടം എന്നിവരെയും തീരുമാനിച്ചു.

ആലുവ മേഖലയിലാണ് ഏറ്റവും കൂടുതൽ ആളുകൾ പരീക്ഷ എഴുതുന്നത്. അതുകൊണ്ട് കൂടുതൽ ആളുകളുടെ സേവനം അവിടെ ആവശ്യമുണ്ടെന്നും അച്ചൻ അറിച്ചു. സെക്രട്ടറിയച്ചന്റെ നേതൃത്വത്തിലുള്ള ടീം ആണ് അവിടെ പരീക്ഷ നടത്തിപ്പിന് പോകുന്നത്. പരീക്ഷ നടത്തിപ്പിൽ ഏറെ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് അച്ചൻ വിശദീകരിച്ചു.

ലോഗോസ് പരീക്ഷയ്ക്ക് മാർക്കിനേക്കാൾ കൂടുതൽ വചനപഠനത്തിന് പ്രാധാന്യം കൊടുക്കണമെന്ന് അച്ചൻ ഓർമിപ്പിച്ചു. ലോഗോസ് ദേശീയപരീക്ഷയിൽ ഓരോ രൂപതയിൽനിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് ട്രോഫിയും ക്യാഷ്പ്രൈസും കൊടുക്കുന്നത് നല്ലതാണെന്ന അഭിപ്രായം യോഗം അംഗീകരിച്ചു. സമാപന സമ്മേളനത്തിൽ വരുന്നവർക്കുമാത്രം സമ്മാനം നല്കിയാൽ മതിയെന്നും യോഗം തീരുമാനിച്ചു.

ശ്രീ. ജിസ്മോൻ എ, ബി, സി വിഭാഗങ്ങളിലെ പരീക്ഷ രാവിലെയും ഡി, ഇ, എഫ് വിഭാഗങ്ങളിലേത് ഉച്ചകഴിഞ്ഞും നടത്തുന്ന കാര്യം അവതരിപ്പിച്ചു. പരീക്ഷ നടത്തുവാൻ സൗകര്യം കുറവായ സ്ഥലങ്ങളിൽ കൂടുതൽപേർക്ക് പരീക്ഷയെഴുതാൻ ഇതു സഹായകമാകും എന്നതാണ് ഇതിനു കാരണം. അതു പ്രായോഗികമാണോ എന്നതിൽ പലരും സംശയം പ്രകടിപ്പിച്ചു. രജിസ്റ്റർ ചെയ്യുന്നവർ പകുതിപോലും പരീക്ഷ എഴുതാത്ത കേന്ദ്രങ്ങളുണ്ടെന്ന് ശ്രീമതി ഷീബാ സേവ്യർ പറഞ്ഞു. ശ്രീമതി മോളി കാച്ചപ്പിള്ളി ഓരോ സെന്ററിലും സൂപ്പർവൈസർമാരെ അയയ്ക്കുന്ന കാര്യം സൂചിപ്പിച്ചു. പി.ഒ.സി.യിൽ വച്ച് നടക്കുന്ന മെഗാഫൈനൽ മത്സരങ്ങൾക്ക് സഹായിക്കാനുള്ളവർ രാവിലേതന്നെ ഇവിടെ എത്തണം എന്ന് അച്ചൻ ഓർമിപ്പിച്ചു.

വചനസർഗ്ഗ അവാർഡിന് അപേക്ഷിച്ചവരിൽനിന്നും വിലയിരുത്തൽ നടത്തി ചങ്ങനാശ്ശേരിയിലെ റവ. ഫാ. ഷാജി തുമ്പേച്ചിറയിലിനെ ഈ വർഷത്തെ അവാർഡിനായി തിരഞ്ഞെടുത്ത വിവരം അച്ചൻ അറിയിച്ചു.

4.15ന് ശ്രീമതി. ഷീബാ സേവ്യറിന്റെ പ്രാർഥനയോടെ യോഗം അവസാനിച്ചു. യോഗത്തിന് ശേഷം ചായ സത്കാരം ഉണ്ടായിരുന്നു.

## പ്രവർത്തന റിപ്പോർട്ട്

കേരളസഭയിൽ ദൈവവചനത്തോടുള്ള ആഭിമുഖ്യം വളർത്താനും വചനപഠനത്തിൽ ആഴപ്പെടാനുമുള്ള ശുശ്രൂഷകളിൽ കേരളകത്തോലിക്കാ ബൈബിൾസൊസൈറ്റി ഏർപ്പെട്ടിരിക്കുന്നു. കേരളത്തിനകത്തും പുറത്തുമുള്ളവർക്ക് വീട്ടിലിരുന്നു ബൈബിൾ പഠിക്കാനുള്ള വേദിയാണ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്. 2019-ലെ കോണ്ടാക്റ്റു ക്ലാസും സർട്ടിഫിക്കറ്റ് വിതരണവും മെയ് 11-ാം തിയതി പി.ഒ.സി.യിൽ വച്ചു സംഘടിപ്പിക്കപ്പെട്ടു. റവ. ഡോ ജോസഫ് നാല്പതിൽച്ചിറ കോറിന്തോസുകാർക്കുള്ള ലേഖനങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നയിച്ചു. ബൈബിൾസൊസൈറ്റി അംഗങ്ങൾക്ക് ഈ ക്ലാസ് സൗജന്യമായിരുന്നു. ആലുവ സ്നേഹാലയം കേന്ദ്രമാക്കി നടത്തിയ കറസ്പോണ്ടൻസ് കോഴ്സ് പൂർത്തിയാക്കിയ 35 പേർക്ക് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് ജൂൺ 22-ാം തീയതി ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ നടക്കുന്ന പി.ഒ.സി. ബൈബിൾ പരിഷ്കരണടീമിലെ സജീവാംഗവും പ്രശസ്ത ബൈബിൾ പണ്ഡിതനുമായ ജോസഫ് തൊണ്ടിപ്പറമ്പിലച്ചൻ 2019 മെയ് 20ന് നിര്യാതനായി. അച്ചന്റെ ഇടവകയിൽ വച്ചുനടന്ന സംസ്കാര ശുശ്രൂഷയിൽ സെക്രട്ടറിയച്ചനും പി.ഒ.സിയിലെ സ്റ്റാഫംഗങ്ങളും പങ്കെടുത്തു.

ഏപ്രിൽ 23-26 തീയതികളിൽ റോമിൽ വച്ചു നടന്ന അന്തർദേശീയ ബിബ്ലിക്കൽ ഫെഡറേഷന്റെ മീറ്റിംഗിൽ, ഇതിന്റെ ഔദ്യോഗിക അംഗമായ ബൈബിൾ കമ്മീഷനെ പ്രതിനിധികരിച്ച് സെക്രട്ടറിയച്ചൻ

സംബന്ധിച്ചു. ബൈബിൾ സൊസൈറ്റി ചെയ്യുന്ന നിരവധി കാര്യങ്ങളെക്കുറിച്ച് മീറ്റിംഗിൽ അവതരിപ്പിക്കുവാൻ അവസരം ലഭിക്കുകയുണ്ടായി. മീറ്റിംഗിന്റെ സമാപനദിവസം മാർപ്പാപ്പയുമായുള്ള പ്രത്യേക കൂടിക്കാഴ്ചയും ഉണ്ടായിരുന്നു.

ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബുധനാഴ്ച ബൈബിൾ ക്ലാസ് ജൂൺ 5-ാം തിയതി അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് ഉദ്ഘാടനം ചെയ്യുകയും ആദ്യദിനത്തിലെ ക്ലാസുകൾ നയിക്കുകയും ചെയ്തു. ഈ വർഷം 114പേർ ഇതിൽ പങ്കെടുക്കുന്നു.

2019 ലെ ലോഗോസ് ബൈബിൾ ക്വിസിനുള്ള ക്രമീകരണങ്ങൾ നടത്തുകയും പോസ്റ്ററുകളും രജിസ്ട്രേഷൻ ഫോമുകളും എല്ലാ രൂപതകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ലോഗോസിന്റെ രജിസ്ട്രേഷൻ പൂർണമായും ഓൺലൈൻ ആക്കാൻ രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങളിലെ സ്റ്റാഫിന് പി.ഒ.സി.യിൽ വച്ച് ശ്രീ. ജോസഫ് പന്തപ്ലാക്കൽ ക്ലാസ്സുകൾ എടുത്തു.

ഡോ. ജോഷി മയ്യാറ്റിൽ രചിച്ച സങ്കീർത്തനസപര്യ-2 രണ്ടുവർഷത്തിൽ ഒരിക്കൽ സൊസൈറ്റി അംഗങ്ങൾക്ക് നല്കുന്ന സമ്മാനമായി അയച്ചുകൊടുത്തു. ഈ വർഷം സംഘടിപ്പിക്കുന്ന ബൈബിൾ കലോത്സവത്തിന്റെ ബ്രോഷറുകൾ രൂപതാകേന്ദ്രങ്ങളിലേക്ക് അയച്ചു.

ലോഗോസിന്റെ ആദ്യഘട്ടമായ രൂപതാതല പരീക്ഷകൾ സെപ്റ്റംബർ 29-ാം തിയതി നടത്തപ്പെട്ടു. രൂപതാതല മത്സരകേന്ദ്രങ്ങൾ സന്ദർശിച്ച് പ്രോത്സാഹനം നല്കാനും വിലയിരുത്താനും മാനേജിംഗ് കൗൺസിൽ അംഗങ്ങൾ വലിയ ഉത്സാഹം കാണിച്ചത് അഭിനന്ദാർഹമാണ്. സംസ്ഥാനതല മത്സരങ്ങൾ നവംബർ 10-ാം തിയതി കോഴിക്കോട്, ആലുവ, കൊല്ലം എന്നീ കേന്ദ്രങ്ങളിൽ വച്ചു നടന്നു. മാനേജിംഗ് കൗൺസിൽ അംഗങ്ങളും പി.ഒ.സി. സ്റ്റാഫംഗങ്ങളും പരീക്ഷകൾക്ക് നേതൃത്വം നല്കി. ഗ്രൂപ്പുഫൈനൽ മത്സരങ്ങൾ നവംബർ 23-ാം തിയതിയും മെഗാഫൈനൽ 24-ാം തിയതിയും പി.ഒ.സി.യിൽ വച്ചു സംഘടിപ്പിക്കപ്പെട്ടു. ഈ വർഷവും ബധിരർക്കായി ലോഗോസ് സംസ്ഥാനതലമത്സരവും ടി.വി. ഫൈനലും സംഘടിപ്പിച്ചു. ഇതുവഴി സൊസൈറ്റിക്ക് ഭിന്നശേഷിയുള്ളവരുടെ ഇടയിലേക്ക് ദൈവവചനശുശ്രൂഷയുമായി ഇറങ്ങിച്ചെല്ലാനും അവരുടെയിടയിൽ ദൈവവചനത്തോടുള്ള ആഭിമുഖ്യം വളർത്താനും കഴിഞ്ഞു. ലോഗോസ് മത്സരങ്ങളിൽ മാനേജിംഗ് കൗൺസിൽ അംഗങ്ങളും മുൻലോഗോസ് പ്രതിഭകളും സഹായിച്ചു. ലോഗോസ് ഫൈനൽ മത്സരങ്ങൾ ഗുഡ്നെസ് ടിവിയിൽ സംപ്രേഷണം ചെയ്തു.

ലോഗോസ് പ്രതിഭാക്വിസിൽ ഇരിങ്ങാലക്കുടയിലെ കുമാരി മെറ്റിൽഡ ജോൺസണും ബധിരർക്കുള്ള ക്വിസിൽ തലശ്ശേരിയിൽ നിന്നുള്ള കുമാരി നിമ്മിയും ഒന്നാം സ്ഥാനം കരസ്ഥമാക്കി. നവംബർ 23-ാം തിയതി നടന്ന ബധിരർക്കായുള്ള മത്സരത്തിൽ സമ്മാനർഹരായവർക്ക് അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. നവംബർ 24-ാം തിയതി ഉച്ചകഴിഞ്ഞ് സംഘടിപ്പിക്കപ്പെട്ട മീറ്റിംഗിൽ വച്ച് ബൈബിൾകമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് ലോഗോസ് വിജയികൾക്ക് സമ്മാനങ്ങൾ നല്കി. ഈ വർഷം ആദ്യമായി സംസ്ഥാനതല മത്സരത്തിൽ എല്ലാ രൂപതകളിലുംനിന്ന് ഒന്നാം റാങ്ക് കരസ്ഥമാക്കിയവർക്ക് ട്രോഫിയും ക്യാഷ് അവാർഡും നല്കി. ഈ മീറ്റിംഗിൽവച്ച് റവ. ഡോ. മാത്യു വാര്യമറ്റം സി.എസ്.റ്റി.യുടെ 'ജറുസലേമിലെ ഏശയ്യാ', റവ. ഡോ. മാത്യു ഓലിക്കൽ രചിച്ച 'സൃഷ്ടിയും പതനവും' റവ. ഡോ. ജേക്കബ് പ്രസാദ്, ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിയിൽ, റവ. ഡോ. ജോൺസൺ പുതുശ്ശേരി എന്നിവർ ചേർന്ന് രചിച്ച 'ബൈബിൾ പഠനത്തിന് ഒരാമുഖം' എന്നീ ഗ്രന്ഥങ്ങൾ അഭിവന്ദ്യ ജൂലിയോസ് പിതാവ് പ്രകാശനം ചെയ്തു. രൂപതാതല ലോഗോസ് സമ്മാനമായി ഈ പുസ്തകങ്ങൾ രൂപതകൾക്ക് അയച്ചുകൊടുത്തു. 2020-ലെ സൊസൈറ്റിയുടെ വചന കലണ്ടർ അഭിവന്ദ്യ പിതാവ് പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ടിനു നല്കി പ്രകാശനം ചെയ്തു.

2019-ലെ വചനസർഗപുരസ്കാരം ലഭിച്ച റവ. ഫാ. ഷാജിതുമ്പേച്ചിറയിലിന് 25000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് ലോഗോസ് സമ്മാനദാന വേദിയിൽ വച്ചു നല്കി. ഡിജിറ്റൽ മേഖലയിലെ ദൈവവചനശുശ്രൂഷയ്ക്കായിരുന്നു ഈ വർഷത്തെ സമ്മാനം.

2019-ൽ പ്രകൃതി ദുരന്തങ്ങൾ നാശംവിതച്ച പ്രദേശങ്ങളിലുള്ളവർക്ക് വിതരണം ചെയ്യാനും നിർധനരുടെയിടയിലെ രൂപതാ അപ്പോസ്തലേറ്റ് പ്രവർത്തനങ്ങൾക്ക് സഹായമായും ബൈബിൾ കമ്മീഷൻ 4,96,880 രൂപയുടെ ബൈബിൾ സൗജന്യമായി നല്കി.

2019-ലെ ബൈബിൾ പാരായണമാസത്തോടനുബന്ധിച്ച് ബൈബിൾ കമ്മീഷനോടു ചേർന്ന് ഏതാനും രൂപതകളിൽ ആഘോഷങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഈ വർഷത്തെ വചനപാരായണമാസത്തിന്റെ ഉദ്ഘാടനം നവംബർ 30-ാം തിയതി വൈകീട്ട് പാലാ കത്തീഡ്രലിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. നവംബർ 14-ാം തിയതി തിരുവല്ല രൂപതയിലെ വചനപാരായണ ചടങ്ങിൽ രൂപതാധ്യക്ഷൻ

തോമസ് മാർ കൂറിലോസും നവംബർ 22-ാം തിയതി ഇരിങ്ങാലക്കുട രൂപതയിലെ ചടങ്ങിൽ മാർ പോളി കണ്ണൂക്കാടനും സന്നിഹിതരായിരുന്നു. ബൈബിൾ പാരായണമാസത്തിന്റെ സമാപനം എറണാകുളം അതിരൂപതയിലെ വെണ്ണല ഇടവകയിൽവച്ച് ഡിസംബർ 31-ാം തിയതി നടന്നു. ഈ വചനപാരായണാഘോഷങ്ങളിൽ ബൈബിൾസൊസൈറ്റിയിലുള്ളവരുടെ സാന്നിധ്യവുമുണ്ടായിരുന്നു.

2020 ഫെബ്രുവരി 8-ാം തിയതി സുൽത്താൻപേട്ട് രൂപത സംഘടിപ്പിച്ച ലോഗോസ് സമ്മാനദാനചടങ്ങളിൽ ബൈബിൾ സൊസൈറ്റി വൈസ്ചെയർമാൻ അഭിവന്ദ്യ പീറ്റർ അബീർ പിതാവ് ഉദ്ഘാടനകർമം നിർവഹിക്കുകയും സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി സമ്മാനദാനം നിർവഹിക്കുകയും ചെയ്തു. മാനേജിംഗ് കൗൺസിൽ അംഗം ശ്രീ. ജോൺപോളും ഈ ചടങ്ങിൽ സംബന്ധിച്ചു.

2019 ഡിസംബർ 4-6 തീയതികളിൽ നടന്ന കെ.സി.ബി.സി. മീറ്റീംഗിൽ ബൈബിൾ കമ്മീഷൻ ചെയർമാനായി അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ നിയമിതനായി. മാർ ജേക്കബ് മനത്തോടത്ത് പിതാവും തോമസ് മാർ യൗസേബിയൂസ് പിതാവുമാണ് വൈസ്ചെയർമാന്മാർ. ജനുവരി 16-ാം തീയതി പുതിയ ചെയർമാൻ പിതാവിന്റെ അധ്യക്ഷതയിൽ ബൈബിൾ പരിഷ്കരണത്തെക്കുറിച്ചും ബൈബിൾ ശുശ്രൂഷയെക്കുറിച്ചും പരിഷ്കരണ ടീമംഗങ്ങളുമായി ചർച്ചകൾ സംഘടിപ്പിച്ചു. തുടർന്ന് ബൈബിൾ പരിഷ്കരണത്തിന്റെ പുരോഗതിയെക്കുറിച്ച് രൂപതാധ്യക്ഷന്മാർക്ക് കത്തുകളയച്ചു.

2019 ഡിസംബർ 28,29 തിയതികളിൽ എറണാകുളം റിന്യൂവൽ സെന്ററിൽ വച്ച് ബൈബിൾ കലോത്സവം സംഘടിപ്പിക്കപ്പെട്ടു. 28-ാം തിയതി രാവിലെ നടന്ന ചടങ്ങിൽ ഗോരഖ്പൂർ രൂപതയുടെ മുൻ അധ്യക്ഷൻ മാർ ഡോമിനിക് കോക്കാട്ട് ഉത്ഘാടന കർമം നിർവഹിക്കുകയും പി.ഒ.സി ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് പതാക ഉയർത്തുകയും ചെയ്തു. എറണാകുളം അതിരൂപതയായിരുന്നു കലോത്സവത്തിന് വേദിയൊരുക്കിയത്. മനോഹരമായി സംഘടിപ്പിക്കപ്പെട്ട കലോത്സവത്തിൽ എറണാകുളം - അങ്കമാലി അതിരൂപത ഒന്നാം സ്ഥാനവും കോഴിക്കോട് രൂപത രണ്ടാംസ്ഥാനവും പുനലൂർ രൂപത മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സമാപന സമ്മേളനത്തിൽ എറണാകുളം - അങ്കമാലി അതിരൂപത വികാർ ആർച്ച് ബിഷപ്പ് മാർ ആന്റണി കരിയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ സൗത്ത് ഏഷ്യൻ മീറ്റിംഗ് ജനുവരി 6-10 തിയതികളിൽ കൊളംബോയിൽ വച്ച് നടന്നു. ഈ മീറ്റിംഗിൽ സെക്രട്ടറി ജോൺസൺ പുതുശ്ശേരിയച്ചനും ട്രഷറർ സി. ആഗ്നസ് ജോർജ് സി.റ്റി.സി.യും പങ്കെടുത്തു. കേരളത്തിലെ ബൈബിൾ കമ്മീഷന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ വിവിധ രാജ്യങ്ങളിൽനിന്ന് വന്നവരുമായി പങ്കുവയ്ക്കാൻ അവസരം ലഭിച്ചു.

2020 മാർച്ച് 11-ാംതിയതി ബുധനാഴ്ച ബൈബിൾ ക്ലാസിന്റെ സമാപന ചടങ്ങിൽ അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് പിതാവ് ക്ലാസ്സെടുക്കുകയും തുടർന്നുള്ള മീറ്റിംഗിൽ അധ്യക്ഷം വഹിക്കുകയും സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്യുകയും ചെയ്തു. ബൈബിൾ കമ്മീഷനും ബൈബിൾ സൊസൈറ്റിക്കും പിതാവ് നല്കിയ ക്രിയാത്മകവും ധീരവുമായ നേതൃത്വം അനുസ്മരിച്ച് സൊസൈറ്റിയുടെ ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യാ സൈമൺ നന്ദിയർപ്പിക്കുകയും ബൈബിൾ കമ്മീഷന്റെയും ബൈബിൾസൊസൈറ്റിയുടെ സ്നേഹാദരവിന്റെയും അടയാളമായി ബൈബിളുകൾ സമ്മാനമായി നല്കുകയും ചെയ്തു.

ഈ വർഷം ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന് ഫാ. ജോൺസൺ പുതുശ്ശേരി രചിച്ച 'ഹെബ്രായർക്കുള്ള ലേഖനം' ആസ്പദമാക്കിയുള്ള പഠനസഹായി പ്രസിദ്ധീകരിച്ചു. അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് രചിച്ച 'ബൈബിളിലെ പ്രതീകങ്ങൾ' എന്ന ഗ്രന്ഥം ബൈബിൾ സൊസൈറ്റി 2020 ജനുവരിയിൽ പ്രസിദ്ധീകരിച്ചു.